കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

പാഞ്ഞാൾ ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2013-14

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

e-mail: lfadtcr@gmail.com

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ടി.എസ്.ആർ(പി4)1688/15 *കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്,*

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശൂർ-680 020
ഫോൺ നമ്പർ-0487 2331249
തിയതി: 15/12/2015
e-mail id- lfadtcr@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

പാഞ്ഞാൾ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം: പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് 2013-14 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-6 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-15, 3-19, 3-20 എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ടി.എസ്.ആർ(പി4)1688/15 തിയതി: 15/12/15

തൃശൂർ ജില്ലയിലെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ

ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)** , **1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.11.2014 മുതൽ 14-11-2015 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2013-14 വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	:	സി.വൈ.സലിം, ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	:	17.11.2015 മുതൽ 25.11.2015 വരെ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ		
ശ്രീ സാബു.പി.എസ്	-	ഓഡിറ്റ് ഓഫീസർ
ശ്രീമതി റീന ജോസഫ്	-	അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി ഷാജിത.കെ.എം.	-	സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സുജാത.പി	-	ഓഡിറ്റർ ട്രെയിനി

ശ്രീമതി ഫെമിന.എ.എ - ഓഡിറ്റർ

ശ്രീമതി ഗ്രീഷ്മ. കെ - ഓഡിറ്റർ

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീമതി ബിന്ദു സുരേഷ്	01.04.13 മുതൽ 31.03.14 വരെ
സെക്രട്ടറി	ശ്രീ കെ.പി. സജീവ് (സെക്രട്ടറി ഇൻ ചാർജ്ജ്)	01.04.13 മുതൽ 02.04.13 വരെ
	ശ്രീ വി.കെ.ശ്രീധരൻ	03.04.13മുതൽ 04.07.13 FNവരെ
	ശ്രീമതി വി.ആർ.പങ്കജാക്ഷി	04.07.13 AN മുതൽ 31.03.14 വരെ
ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	ശ്രീ രാമദാസ് കാറാത്ത്	01.04.13 മുതൽ 31.03.14 വരെ
ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	ശ്രീ എ.കെ ഉണ്ണികൃഷ്ണൻ	01.04.13 മുതൽ 31.03.14 വരെ
വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	ശ്രീമതി നിർമ്മല രവികുമാർ	01.04.13 മുതൽ 31.03.14 വരെ
ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	ശ്രീമതി മാലതി രാമചന്ദ്രൻ	01.04.13 മുതൽ 31.03.14 വരെ

നിർവ്വഹണ ഉദ്യോഗസ്ഥർ

ഉദ്യോഗപ്പേര്	പേര്	കാലയളവ്
കൃഷി ഓഫീസർ	ശ്രീമതി വൃന്ദ.കെ	01.04.13 മുതൽ 31.03.14 വരെ
അസിസ്റ്റന്റ് എഞ്ചിനീയർ	ശ്രീമതി നിമിഷ.വി.കൃഷ്ണൻ	01.04.13 മുതൽ 31.03.14 വരെ
മെഡിക്കൽ ഓഫീസർ പി.എച്ച്.സി	ഡോ.സുനിൽ കുമാർ. സി.കെ	01.04.13 മുതൽ 31.03.14 വരെ
മെഡിക്കൽ ഓഫീസർ ഹോമിയോ	ഡോ.മീര റാണി	01.04.13 മുതൽ 31.03.14 വരെ
മെഡിക്കൽ ഓഫീസർ ആയുർവേദം	ഡോ.മനോജ്.വി.തോമസ്	01.04.13 മുതൽ 31.03.14 വരെ
വെറ്ററിനറി സർജൻ	ഡോ. ഡാനി.കെ	01.04.13 മുതൽ 31.07.13 വരെ
	ഡോ. അജയ്.കെ.ആർ	01.08.13 മുതൽ 06.01.14 വരെ
	ഡോ. സജിത.കെ.പി	07.01.14 മുതൽ 10.03.14 വരെ
	ഡോ. ഡാനി.കെ	11.03.14 മുതൽ 31.03.14 വരെ
പ്രധാന അദ്ധ്യാപിക	ശ്രീമതി സരോജിനി	01.04.13 മുതൽ 31.03.14 വരെ

വി.ഇ.ഒ	ശ്രീ.സജി എബ്രഹാം	01.04.13 മുതൽ 31.03.14 വരെ
ഐ.സി.ഡി. എസ് സൂപ്പർവൈസർ	ശ്രീമതി. പ്രസന്ന കുമാരി	01.04.13 മുതൽ 31.03.14 വരെ
ഡയറി ഫാം ഇൻസ്ട്രക്റ്റർ	ശ്രീ സുരേഷ് കുമാർ	01.04.13 മുതൽ 31.03.14 വരെ

ഉള്ളടക്കം

ക്രമ നം.	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക.	1-2
3	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം	1-3
4	സാമ്പത്തിക വിശകലനം	1-4
5	ഫണ്ട് വിനിയോഗം	1-5
6	പദ്ധതി അവലോകനം.	1-6
7	തനത് വരുമാനം.	1-7
8	ക്ഷേമ പദ്ധതികൾ	1-8
9	ക്യാഷ് വെരിഫിക്കേഷൻ	1-9
10	ആഭ്യന്തരനിയന്ത്രണം.	1-10
11	ഗ്രമസഭ	1-11
12	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-12
	ഭാഗം 2	
13	ഡി & ഒ ലൈസൻസ് - അപാകതകൾ	2-1
14	തൊഴിൽ നികുതി - ഈടാക്കിയില്ല	2-2
15	വാടക - അപാകതകൾ	2-3
16	ലേലം - വാല്യുവേഷൻ നടത്തിയിട്ടും ലേലം ചെയ്തില്ല	2-4
17	വസ്തു നികുതി - അപാകതകൾ	2-5
18	ബിൽഡിങ്ങ് പെർമിറ്റ് - ഫയലുകൾ ഹാജരാക്കിയില്ല	2-6
19	തനതു വരുമാനം - ഒന്നിൽ കൂടുതൽ അക്കൗണ്ടുകളിൽ നിക്ഷേപിച്ചിരിക്കുന്നു	2-7
	ഭാഗം 3	
20	ഭവന റിപ്പയറിന് മുൻ വർഷങ്ങളിൽ ആനുകൂല്യം ലഭിച്ചവർക്ക് വീണ്ടും അനുവദിച്ചു-തുക നിരാകരിക്കുന്നു	3-1
21	എസ്.സി വിവാഹധനസഹായം-അധിക തുക അനുവദിച്ചു	3-2
22	സമഗ്രക്ഷീരവികസനം-സബ്സിഡി തുക കൂടുതൽ അനുവദിച്ചു	3-3
23	ബി ഫണ്ട് തുകകൾ വിതരണ രേഖകൾ ഹാജരാക്കിയില്ല-101740/- രൂപ തടസ്സം	3-4
24	ബി-ഫണ്ട് പരിശോധന-അപാകതകൾ	3-5
25	ടി എച്ച്.ആർ.എസ് ഭക്ഷ്യമിശ്രിതം-സ്റ്റോക്കിലെടുത്തിട്ടില്ല	3-6
26	ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ-മാർഗ്ഗരേഖ പാലിച്ചില്ല	3-7
27	കുടി വെള്ള വിതരണത്തിന് ജില്ലാ കളക്ടർ അനുവദിച്ച അഡ്വാൻസ് തുക മൃത നിക്ഷേപമായി ബാങ്കിൽ ഇപ്പോഴും അവശേഷിക്കുന്നു	3-8
28	വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല	3-9
29	വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല	3-10
30	വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ - അപാകതകൾ	3-11

31	വനിതാ കിടപ്പാടഭൂമി-മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല	3-12
32	ഭവന റിപ്പയർ - അപാകതകൾ	3-13
33	തെരുവ് വിളക്കുകൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല	3-14
34	കുടിവെള്ള വിതരണം - അപാകതകൾ	3-15
35	ഇ.എം.എസ് ഭവനപദ്ധതി - ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല	3-16
36	ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരണ രേഖകളില്ല	3-17
37	വാർഡ് സേവാ കേന്ദ്രങ്ങൾ പ്രവർത്തനക്ഷമാക്കിയില്ല	3-18
38	സാങ്കേതികാനുമതി ലഭിച്ച തുകയയേക്കാൾ കൂടുതൽ ചെലവു ചെയ്തു	3-19
39	പാറപ്പുറം കുടിവെള്ളപദ്ധതി-അപാകതകൾ	3-20
40	കുടിവെള്ള പദ്ധതി പ്രൊജക്ടുകളിൽ കുഴൽ കിണർ കുഴിക്കുന്നതിന്റെ സ്ഥാന നിർണ്ണയ റിപ്പോർട്ട് ഹാജരാക്കിയില്ല	3-21
41	എടവംപാടം പാടശേഖരം ചീർപ്പ് നിർമ്മാണം- ഫലപ്രാപ്തിയിലെത്തിയില്ല	3-22
42	മരാമത്ത് രേഖകൾ സൂക്ഷിക്കുന്നതിൽ കാണപ്പെട്ട അപാകതകൾ	3-23
43	യീൽഡ് ടെസ്റ്റ് നടത്തുന്നില്ല	3-24
44	എൻ.ആർ.ഇ.ജി.എസ്.- അവലോകനം	3-25
45	വിഷയാധിഷ്ഠിത അവലോകനം	3-26
46	ജില്ലാതല വിഷയാധിഷ്ഠിത അവലോകനം	3-27
	ഭാഗം 4	
47	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
48	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം	4-2
49	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-3
50	വായ്പ/ വായ്പ തിരിച്ചടവ്	4-4
51	സ്ഥിരനിക്ഷേപങ്ങൾ	4-5
52	ഓഡിറ്റ് റിക്കവറി	4-6
53	ഓഡിറ്റ് പ്രത്യവലോകനം	4-7
54	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-8

ഭാഗം -1

പൊതു അവലോകനം

പൊതു അവലോകനം

1-1 ബജറ്റ്

2013-14 വർഷത്തെ ബജറ്റ് 25.03.13 തീയതിയിലെ തീരുമാനം 26(1) പ്രകാരം അംഗീകരിച്ചിട്ടുണ്ട്. അംഗീകരിച്ച ബജറ്റ് പ്രകാരം വരവ് 114022620 രൂപയും, ചെലവ് 114022620 രൂപയും ആണ്.

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31.07.14	19.05.14

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2013-14	നം എൽ.എഫ്.ടി.ഇ3 1404/14(62) തീയതി 12.09.14, (വിശേഷണങ്ങൾ ഇല്ലാത്ത സാക്ഷ്യപത്രം)

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 14759708

വരവ് - 72980328

ആകെ - 87740036

ചെലവ് - 83373424

നീക്കിയിരിപ്പ് - 4366612

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ചെലവ് ശത മാനം
വികസനഫണ്ട് (*) പൊതുവിഭാഗം	682083	8660000	9342083	9225635	116448	98.75
വികസനഫണ്ട് എസ്.സി.പി. (**)	1864116	5735000	7599116	6209714	1389402	81.72
വികസനഫണ്ട് ടി.എസ്.പി.	0	0	0	0	0	0
സംരക്ഷണ ഗ്രാന്റ് റോഡ്	2188332	10567000	12755332	12271332	484000	96.21
സംരക്ഷണ ഗ്രാന്റ് നോൺറോഡ്	317322	2163000	2480322	2202736	277586	88.81
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്	1427811	4303000	5730811	5346413	384398	93.29
ജനറൽ പർപ്പസ് ഗ്രാന്റ്	3687836	5621566	9309402	8855206	454196	95.12
പെർഫോമൻസ് ഗ്രാന്റ്	1399200	2294000	3693200	2911271	781929	78.83
എം.ജി.എൻ.ആർ. ഇ.ജി.എസ്.	442039	4923125	5365164	5321108	44056	99.18
ബി ഫണ്ട്	0	15951734	15951734	15951734	0	100

* പഞ്ചായത്തിനു ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ ചെലവഴിക്കാൻ ബാക്കിയുണ്ടായിരുന്ന **500** രൂപ ധനകാര്യ പത്രികയിലെ നീക്കിയിരിപ്പുമായി ചേർന്നു വന്നിരിക്കുന്നതിനാൽ വികസന ഫണ്ടിന്റെ നീക്കിയിരിപ്പ് ധനകാര്യ പത്രികയുമായി ഒത്തുപോവുന്നില്ല. ധനകാര്യ പത്രികയിൽ **B4** ഷെഡ്യൂളിൽ ഇവ വേർതിരിച്ച് കാണിച്ചിട്ടുണ്ട്.

** ധനകാര്യ പത്രികയിലെ മുൻബാക്കിയിൽ **67948** രൂപ ജില്ലാ പഞ്ചായത്ത് വിഹിതം ഉൾപ്പെടുന്നതിനാൽ ഫണ്ട് വിനിയോഗം (വികസന ഫണ്ട് എസ്.സി.പി.) ധനകാര്യ പത്രികയിലേതിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു.

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത്(എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത്(എണ്ണം)	നടപ്പാക്കാത്തവ(എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
243	72932517	190	51597351	4	49	78.18%

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

1)പട്ടികജാതി വനിത ഗ്രൂപ്പുകൾക്ക് പശു വളർത്തൽ പദ്ധതി

2) പട്ടികജാതി വനിത ഗ്രൂപ്പുകൾക്ക് ആട് വളർത്തൽ പദ്ധതി

1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 91.36% കുറവ് ഉണ്ടായിട്ടുണ്ട്.

ഇനം	മുൻവർഷം	തൻവർഷം	വ്യത്യാസം	ശതമാനം(+)/(-)
നികുതി വരവുകൾ	1774498	1622820	(-)151678	8.55% കുറവ്
നികുതിയേതര വരവുകൾ	160972	307741	(+)146769	91.18% കൂടുതൽ

മറ്റു വരവുകൾ	31118830	923746	(-)30195084	97.03% കുറവ്
ആകെ	33054300	2854307	(-)30199993	91.36% കുറവ്

പഞ്ചായത്തിന്റെ പ്രധാന വരവുകളിൽ ഒന്നാണ് മണൽ. മുൻ വർഷം ഈ ഇനത്തിൽ 30932785 രൂപയും തൻ വർഷം 848100 രൂപയുമാണ് വരവ്. തൻ വർഷം മണൽ വരവ്-പഞ്ചായത്ത് വിഹിതം കുറഞ്ഞതിനാലാണ് തനത് വരുമാനത്തിൽ കുറവ് വന്നിട്ടുള്ളത്.

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	88200	157
കർഷകതൊഴിലാളി പെൻഷൻ	3270705	679
വിധവാപെൻഷൻ	6844664	934
വാർദ്ധക്യകാലപെൻഷൻ	1475258	381
വികലാംഗപെൻഷൻ	2287311	293
50 വയസ്സിനു മുകളിലുള്ള അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ	930155	139
വിധവകളുടെ പെൺമക്കൾക്കു ധനസഹായം	650000	42

1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.11.2015, 3.45 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1779/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു. ആയത് ഡേ ബുക്ക്, ക്യാഷ് ബുക്ക് എന്നിവയുമായി പൊരുത്തപ്പെടുന്നുണ്ട്.

1-10 ആഭ്യന്തര നിയന്ത്രണം

1) ഫ്രണ്ട് ഓഫീസ് നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. എല്ലാ അപേക്ഷകളും, പരാതികളും ഫ്രണ്ട് ഓഫീസ് മുഖേന സ്വീകരിക്കുകയും യഥാസമയം നടപടികളെടുത്തു വരികയും ചെയ്യുന്നുണ്ട്.

2)വർക്കിംഗ് ഗ്രൂപ്പുകളിൽ പലതും പദ്ധതി രൂപീകരണത്തിനായും, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായും യോഗം ചേർന്നിട്ടുണ്ടെങ്കിലും മിനുട്സ് ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

3)സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സിൽ പൂർണമായി രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

4)പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതായ പ്രധാന രജിസ്റ്ററുകളായ മാസ്റ്റർ ഇൻക്യുമ്പൻസി രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ, കുടിവെള്ള ടാപ്പുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

5)തെരുവ് വിളക്ക് രജിസ്റ്റർ (വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റുകളുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ) സൂക്ഷിച്ചിട്ടുണ്ടെങ്കിലും തെരുവ് വിളക്കുകളുടെ ഇനം, എണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

6)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11 ഗ്രാമസഭ

പഞ്ചായത്തിൽ 15 വാർഡുകളും 5 ഗ്രാമസഭകൾ വീതം കൂടിയിട്ടുണ്ട്. എന്നാൽ പല ഗ്രാമസഭകളും ക്വാറം തികയുകയോ, മിനുട്സ് എഴുതി അവസാനം കൺവീനർ ഒപ്പ് വയ്ക്കുകയോ ചെയ്തിട്ടില്ല. പല ഗ്രാമസഭകളുടെയും മിനുട്സ് ഹാജർ നില മാത്രം എഴുതി അവസാനിപ്പിച്ചിരിക്കുന്നു. ഗ്രാമസഭകൾ

കാറം തികഞ്ഞ് കൂടുന്നതിനും, മിനുട്സ് ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

സർക്കുലർ നം 39286/ഡി.എ/3/09 ത.സ്വ.ഭ.വ തീ. 14.08.09 പ്രകാരം ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരുടെ പൊതുസഭ ചേരണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	20.11.15	10/15	ഇല്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	13.06.2003 മുതൽ 17.06.2003 വരെ	1997-98 മുതൽ 2002-03 വരെ	IV-8A-452/1080 തീയതി 18.08.2003

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ഡി & ഒ ലൈസൻസ് - അപാകതകൾ

1. അപേക്ഷകൾ രജിസ്റ്ററിലെ സീരിയൽ നമ്പറിന്റെ അടിസ്ഥാനത്തിൽ നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല.

2. മിക്ക അപേക്ഷകളിലും സെക്രട്ടറി ഒപ്പുവെച്ചിട്ടില്ല.

3. അപേക്ഷകൾ പൂർണ്ണമല്ല.

4. അപേക്ഷകളോടൊപ്പം സാനിറ്ററി സർട്ടിഫിക്കറ്റ് ഹാജരാക്കുന്നില്ല.

5. താഴെ പറയുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് അപേക്ഷകളോടൊപ്പം ലൈസൻസ് അനുവദിക്കുമ്പോൾ സമർപ്പിക്കേണ്ടതായ അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

സ്ഥാപനത്തിന്റെ പേര്	അപാകതകൾ
ശക്തി സെറാമിക്സ്, പൈങ്കുളം	മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം ഇല്ല (35 HP)
ചേലക്കര ഗ്രാനൈറ്റ്സ്	മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം, ക്വാറിയിങ്ങ് പെർമിറ്റ് എക്സ് പ്ലോസീവ് ലൈസൻസ് ഇല്ല.

അനുബന്ധ രേഖകൾ ഹാജരാക്കി മാത്രം ലൈസൻസ് അനുവദിക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്. ഡി & ഒ ലൈസൻസ് രജിസ്റ്റർ എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

2-2 തൊഴിൽ നികുതി - ഈടാക്കിയില്ല

1) കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204(1), 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം 3 എന്നിവ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി /ജീവനക്കാരുടെ 2013-14 വർഷത്തെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

സ്ഥാപനം	സ്ഥാപന തൊഴിൽ നികുതി	ജീവനക്കാരുടെ തൊഴിൽ നികുതി
കിള്ളിമംഗലം കാർഷിക സഹകരണ ബാങ്ക് മെയിൻ ബ്രാഞ്ച്	ഒന്നാം അർദ്ധവർഷം	-
കാത്തലിക് സിറിയൻ ബാങ്ക്	ഒന്നും രണ്ടും അർദ്ധവർഷം	രണ്ടാം അർദ്ധവർഷം
കിള്ളിമംഗലം ക്ഷീര വ്യവസായ സഹകരണ ബാങ്ക്	ഒന്നും രണ്ടും അർദ്ധവർഷം	-

എഴുത്തശ്ശൻ സ്മാരക ഐ.ടി.ഐ.-ചേലക്കര	-	രണ്ടാം അർദ്ധ വർഷം
സ്വാതി ഡ്രൈവിങ്ങ് സ്ക്കൂൾ	ഒന്നും രണ്ടും അർദ്ധ വർഷം	രണ്ടാം അർദ്ധ വർഷം

2) ഡി & ഒ ലൈസൻസ് നൽകുന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് സെക്രട്ടറി ഡിമാന്റ് നോട്ടീസ് നല്കുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

സ്ഥാപനത്തിന്റെ പേര്	ജീവനക്കാരുടെ എണ്ണം
നിളയോരം റിസോർട്ട്സ്	9
ഫൈവ് സ്റ്റാർ ഗ്രാനൈറ്റ്സ്	8
ചേലക്കര ഗ്രാനൈറ്റ്സ്	30
സ്റ്റാർ ഇൻഡസ്ട്രീസ് , പൈങ്കുളം	7

സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-3 വാടക - അപാകതകൾ

പഞ്ചായത്ത് വക വാടക കെട്ടിടത്തിൽ ആകെ അഞ്ച് മുറികളാണ് വാടകക്ക് നല്കിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) മുറികൾ വാടകയ്ക്ക് നല്കുന്നതിന് ബൈലോ തയ്യാറാക്കിയിട്ടില്ല.

2) വാടകക്കാരുമായുള്ള കരാർ ഹാജരാക്കിയിട്ടില്ല.

3) റൂം നമ്പർ 113C, D, E, F, G എന്നീ മുറികൾ വാടകയ്ക്ക് നല്കിയതിൽ 113E ഒഴികെ മറ്റുള്ളവയുടെ വാടക വർദ്ധിപ്പിച്ചിട്ടില്ല. ന്യൂനതകൾക്ക് വിശദീകരണം നൽകേണ്ടതും, വാടകയിൽ കാലികമായ വർദ്ധനവ് വരുത്തേണ്ടതുമാണ്.

2-4 ലേലം - വാല്യുവേഷൻ നടത്തിയിട്ടും ലേലം ചെയ്തില്ല

കീഴില്ലം എൽ.പി സ്ക്കൂൾ കോമ്പൗണ്ടിൽ മറിഞ്ഞു കിടക്കുന്ന തേക്ക് മരം ലേലം ചെയ്യുന്നതിനായി വാല്യുവേഷൻ നടത്തുകയും 06.06.13ന് നടന്ന ലേലത്തിൽ 50500 രൂപയ്ക്ക് ലേലം ഉറപ്പിക്കുകയും ചെയ്തിട്ടുണ്ട്. (പഞ്ചായത്ത് കമ്മിറ്റിയുടെ 13.06.13-ലെ 48(2) നമ്പർ തീരുമാനം). എന്നാൽ 13-14 സാമ്പത്തിക വർഷം ലേലം നടത്തിയില്ല, പകരം 15-16 സാമ്പത്തിക വർഷം 15100 രൂപയ്ക്കാണ് മരം ലേലം നടത്തിയത്. വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ലേലം ചെയ്തു നൽകുന്നതിന് രണ്ട് തവണ നടപടികളെടുത്തുവെങ്കിലും വാല്യുവേഷൻ തുക അധികമായതിനാലും തടിയിൽ വലിയ ദ്വാരം ഉള്ളതിനാലും ആരും ലേലം കൊള്ളാൻ തയ്യാറായില്ല. തുടർന്ന് അണ്ടർ വാല്യുവേഷനു വേണ്ടി ഫോറസ്റ്റിന് കത്ത് നല്കി മറുപടി ലഭ്യമാകാത്തതിനെ തുടർന്നാണ് ന്യായവില നിശ്ചയിച്ച് മരം പുനർ ലേലം ചെയ്തതെന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (നം. 26/24.11.15) മറുപടി നല്കിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ പഴകിയതും ജീർണിച്ചതുമായ അംഗൻവാടി കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിനോടനുബന്ധിച്ച് 07, 01, 04 എന്നീ അംഗൻവാടി കെട്ടിടങ്ങൾ യഥാക്രമം 4138, 4544, 4435 രൂപയ്ക്ക് വാല്യുവേഷൻ നടത്തിയിട്ടുണ്ട്. എന്നാൽ ലേലം നടത്തിയതായി കാണുന്നില്ല.

ന്യൂനതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്. അംഗൻവാടി കെട്ടിടങ്ങൾ ലേലം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2-5 വസ്തു നികുതി - അപാകതകൾ

എ) 2013-14വർഷം നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടേയും ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഹാജരാക്കിയവയിൽ തന്നെ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സ.ഉ(പി) നം. 88/13 ത.സ്വ.ഭ.വ. തിയ്യതി 13.03.2013വസ്തു നികുതി നിർണ്ണയ ഉത്തരവ് പ്രകാരമുള്ള നികുതി നിർണ്ണയം നടത്തിയിട്ടില്ല.

2. നികുതി നിർണ്ണയ ഫയലുകളിൽ കംപ്ലീഷൻ പ്ലാൻ, കംപ്ലീഷൻ സർട്ടിഫിക്കറ്റ്, NOC/Permit എന്നിവയില്ല.

ആയതിനാൽ യഥാർത്ഥ ഏരിയയ്ക്ക് തന്നെയാണോ നികുതി നിർണ്ണയിച്ചിട്ടുള്ളതെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3. കെട്ടിട ഉടമ സമർപ്പിക്കുന്ന ഫോറം 2 ൽ മുഴുവൻ വിവരങ്ങളും ചേർക്കാതെ നികുതി നിർണ്ണയിച്ചിട്ടുള്ളതായാണ് കാണുന്നത്. ഇതിൽ തന്നെ നിർണ്ണയം നടത്തിയ തിയതി, റിപ്പോർട്ട് എന്നിവ എഴുതിയിട്ടില്ല.

ബി) ന്യൂ ബിൽഡിങ്ങ് രജിസ്റ്റർ പ്രകാരമുള്ള എല്ലാ കെട്ടിടങ്ങളും ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് വസ്തു നികുതി ഈടാക്കിയിട്ടില്ല. (വാർഡ് 5, 1എന്നിവയൊഴികെ)

ന്യൂനതകൾക്ക് വിശദീകരണം നല്കേണ്ടതാണ്.

2-6 ബിൽഡിങ്ങ് പെർമിറ്റ് - അപാകതകൾ

1) 2013-14 വർഷത്തെ ബിൽഡിങ്ങ് പെർമിറ്റ് / എൻ.ഒ.സി. രജിസ്റ്റർ പരിശോധിച്ചതിൽ 196 അപേക്ഷകൾ ലഭിച്ചതായി കാണുന്നു. ഇതിൽ 100 ഫയലുകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ബാക്കി ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2) സർക്കാർ ഉത്തരവ് (എം.എസ്.)നം.10/2014 ത.സ്വ.ഭ.വ. തിയതി 10.01.2014 പ്രകാരം 10.01.2014 മുതൽ എല്ലാ നോൺ റെസിഡെൻഷ്യൽ കെട്ടിടങ്ങൾക്കും 100 m2 നു മേൽ വിസ്തൃതിയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾക്കും നിർമ്മാണ പെർമിറ്റ് ആവശ്യമാണ്. എന്നാൽ ഈ കാലയളവിനു ശേഷവും കെട്ടിട നിർമ്മാണാനുമതിയ്ക്കായി അപേക്ഷിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് NOC യാണ് അനുവദിച്ചിട്ടുള്ളത്. ഓഡിറ്റിന് ലഭ്യമാക്കിയ ഫയലുകൾ പരിശോധിച്ചതിൽ പെർമിറ്റ് ഫീസ് ഈടാക്കാത്തവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം	പേര് / മേൽ വിലാസം	ഉപയോഗത്തിന്റെ തരം/ വിസ്തൃതി	ഈടാക്കേണ്ട പെർമിറ്റ് ഫീസ്
1	സുബൈദ, വട്ടപ്പറമ്പിൽ വീട്, കിള്ളിമംഗലം	റെസിഡെൻഷ്യൽ/ 110.49M2	332
2	ഷിബു മാത്യു	,, / 179.96M2	540
3	ഷീജ വിജയരാഘവൻ, പൂവ്വത്തൊടി വീട്, കിള്ളിമംഗലം	,, /105.13M2	316
4	ഉണ്ണികൃഷ്ണൻ, മാങ്ങോട്ടിൽ വീട്, കിള്ളിമംഗലം	,, / 117.02M2	351
5	മുരളീധരൻ, ചങ്കരത്ത് വീട്, കിള്ളിമംഗലം	,, / 112.23M2	337
6	പ്രഭാകരൻ, പൈങ്കുളം	,, / 124.93M2	375
7	പ്രകാശൻ, പോയിലത്ത് വീട്, പാഞ്ഞാൾ	നോൺ റെസിഡെൻഷ്യൽ / 22.55M2	113
8	സുശീല നാരായണൻകുട്ടി, മൊയ്യാത്ത് വീട്, പൈങ്കുളം	റെസിഡെൻഷ്യൻ / 176.89 M2	531
9	ശോഭ സുരേഷ്, മാടമ്പത്ത് വീട്, കിള്ളിമംഗലം	,, / 149.94M2	450
10	മുഹമ്മദ്.പി., എപാറക്കൽ വീട്, വെട്ടിക്കാട്ടിരി	,, / 276M2	828
11	ഉണ്ണികൃഷ്ണൻ.ടി., തോപ്പിൽ ആലമ്പിള്ളി വീട്, പൈങ്കുളം	,, / 159M2	477
12	രവീന്ദ്രൻ, വട്ടക്കോട്ടിൽ വീട്, തൊഴുപ്പാടം	,, / 121.03M2	363
13	പ്രദീപ് കുമാർ കോന്നത്ത്, പടിഞ്ഞാറേതിൽ, പൈങ്കുളം	,, / 123.82M2	372
14	രവീന്ദ്രൻ, തോപ്പിൽ വീട്, പൈങ്കുളം	,, / 138.28M2	415
15	മൊയ്തീൻ കുട്ടി & ഷമീന, പുത്തൻപീടികയിൽ, പാഞ്ഞാൾ	,, / 178.92M2	537
16	പ്രകാശ് & രമ്യ, കൊട്ടേക്കാട്ടിൻമേൽ വീട്, പൈങ്കുളം	,, / 172.57M2	518

17	കുഞ്ഞു മുഹമ്മദ്, കല്ലഴിത്തൊടി വീട്, പാഞ്ഞാൾ	,, / 179.27M2	538
18	ഷീജ. കെ.കെ,കൊട്ടിൻതറ വടക്കേതിൽ വീട്, കിള്ളിമംഗലം	,, / 256.56M2	770
ആകെ			8163

പഞ്ചായത്തു ഫണ്ടിനുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

3) <u>മറ്റു അപാകതകൾ</u>

1. ബിൽഡിങ്ങ് പെർമിറ്റ് / എൻ.ഒ.സി. രജിസ്റ്റർ - വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

ബിൽഡിങ്ങ് പെർമിറ്റ് / എൻ.ഒ.സി. രജിസ്റ്ററിൽ പെർമിറ്റ് അനുവദിച്ച കെട്ടിടത്തിന്റെ സ്വഭാവം, വിസ്തീർണ്ണം, അപേക്ഷാ ഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ, പെർമിറ്റ് ഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ, പണി പൂർത്തിയായ കെട്ടിടങ്ങൾക്ക് നമ്പർ നൽകിയതിന്റെ വിവരങ്ങൾ എന്നിവ എഴുതിയിട്ടില്ല.

2013-14 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം പെർമിറ്റ് ഫീസ് ഇനത്തിൽ 10,897/- രൂപ വരവുണ്ട്. എന്നാൽ പെർമിറ്റ് ഫീസ് രജിസ്റ്ററിൽ ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല.

2. അപേക്ഷാ ഫീസ് ഈടാക്കിയിട്ടില്ല.

ബിൽഡിങ്ങ് പെർമിറ്റ് / എൻ.ഒ.സി. രജിസ്റ്റർ പ്രകാരം 196 അപേക്ഷകൾ ലഭിച്ചതായി കാണുന്നു. എന്നാൽ അപേക്ഷകൾക്കൊന്നും അപേക്ഷാ ഫീസ് ഈടാക്കിയിട്ടില്ല.

3. താഴെ പറയുന്ന പെർമിറ്റ് ഫയലുകളിൽ അപേക്ഷയോടൊപ്പം കൈവശ സർട്ടിഫിക്കറ്റ് വെച്ചിട്ടില്ല.

1. ഉണ്ണികൃഷ്ണൻ, ഉന്നത്തൂർ പുത്തൻവീട്ടിൽ വീട്, പൈങ്കുളം

2. ഷീജ. കെ.കെ, കൊട്ടിൻതറ വടക്കേതിൽ വീട്, കിള്ളിമംഗലം

ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും അപാകതകൾക്ക് വിശദീകരണം നല്കേണ്ടതുമാണ്.

2-7 തനതു വരുമാനം - ഒന്നിൽ കൂടുതൽ അക്കൗണ്ടുകളിൽ നിക്ഷേപിച്ചിരിക്കുന്നു

സർക്കുലർ നം 58725/ എഫ്.എം 3/2008/ ത.സ്വ.ഭ.വ/ 26.05.2011 പ്രകാരം തനതു വരുമാനം ട്രഷറി അക്കൗണ്ടിനു പുറമെ ദേശസാൽകൃത ബാങ്കിലോ, സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ എസ്.ബി.ഐ. (അക്കൗണ്ട് നം -10536592185), കിള്ളിമംഗലം ഫാർമേഴ്സ് സർവ്വീസ് കോ.ഓ ബാങ്കിലുമായി (അക്കൗണ്ട് നം.-1) തനതു വരുമാനം നിക്ഷേപിച്ചിരിക്കുന്നു. 31.03.15നു എസ്.ബി.ഐ-ൽ 147293 രൂപയും, കിള്ളിമംഗലം ഫാർമേഴ്സ് സർവ്വീസ് കോ.ഓ ബാങ്കിൽ 1379718 രൂപയും നീക്കിയിരിപ്പുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കാത്തതിനു വിശദീകരണം നൽകേണ്ടതാണ്.

ഇതു കൂടാതെ SBI- പ്ലാൻ ഇംപ്രസ്റ്റ് (അക്കൌണ്ട് നം : 10536592583) എന്ന പേരിൽ മറ്റൊരു അക്കൌണ്ട് കൂടി നില നിറുത്തി വരുന്നു. 31.03.15നു പ്രസ്തുത അക്കൌണ്ടിൽ 28890 രൂപയുടെ നീക്കിയിരിപ്പും ഉണ്ട്. ഇപ്രകാരം ഒരു ബാങ്ക് അക്കൗണ്ട് നിലനിറുത്തുന്നതിന്റെ കാരണം കൂടി വ്യക്തമാക്കേണ്ടതാണ്.

<u>ഭാഗം -3</u>

<u>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

<u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

. .

3-1 ഭവന റിപ്പയറിന് മുൻ വർഷങ്ങളിൽ ആനുകൂല്യം ലഭിച്ചവർക്ക് വീണ്ടും അനുവദിച്ചു-തുക നിരാകരിക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

2013-14 സാമ്പത്തിക വർഷം ഭവന റിപ്പയർ അനുവദിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ മുൻ വർഷങ്ങളിൽ ഇതേ ആനുകൂല്യം ലഭിച്ചവരും, തൻ വർഷം ആനുകൂല്യത്തിന് അർഹരല്ലാത്തതുമാണ്. ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച് അംഗീകാരം നൽകേണ്ടത് ഗ്രാമസഭയാണെന്നിരിക്കെ അപ്രകാരമുള്ള ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ചതായി കാണുന്നില്ല.

ഗുണഭോക്താവ്	ഡിഡിനം/തിയതി	മുമ്പ് ധനസഹായം അനുവദിച്ച വർഷം (റേഷൻ കാർഡിൽരേഖപ്പെടുത്തിയതു പ്രകാരം)
കമലാവതി, വെളുത്തേടത്ത്(റിപ്പയർ-വനിത)	854352/22.2.14,-5000 000229/22.3.14-5000	2009-10
അയ്യപ്പൻ, തെക്കമുറി(പ്രൊജക്ട് നം.99/14)-ഭവനനിർമ്മാണം-ജനറൽ	854406/26.2.14-5000 000256/22.3.14-5000	2009-10
അബ്ദുള്ള, പൂവ്വത്തിങ്കൽ(പ്രൊജക്ട് നം.99/14)-ഭവനനിർമ്മാണം-ജനറൽ	854436/26.2.14-5000 000276/24.3.14-5000	2009-10

4 വർഷത്തിനുള്ളിൽ വീണ്ടും ഭവന റിപ്പയറിന് അനുവദിച്ച തുക 30000/- തിരികെ ഈടാക്കേണ്ടതാണ്.

3-2 എസ്.സി വിവാഹധനസഹായം-അധിക തുക അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

2013-14 സാമ്പത്തിക വർഷത്തിൽ ട്രഷറി ബിൽ നം.1/2013-14 dt 22.1.14 പ്രകാരം 500000/- രൂപ പിൻവലിച്ച് 10 ഗുണഭോക്താക്കൾക്ക് 50000/- രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. പട്ടികജാതി /പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിവാഹ ധനസഹായ നിരക്ക് ജി.ഒ.(ആർ.ടി.)1974/2010 ത.സ്വ.ഭ.വ 14.6.10 പ്രകാരം 1/4/10 മുതൽ 20000/-രൂപയായും, സ.ഉ.(എം.എസ്)നം.85/2013/ത.സ്വ.ഭ.വ.തി.13/3/13 പ്രകാരം 1/4/12 മുതൽ 50000/- രൂപയായും വർദ്ധിപ്പിക്കുകയു ണ്ടായി. എന്നാൽ താഴെ പറയുന്നവർക്ക് ഈ തിയതികൾ കണക്കിലെടുക്കാതെ അധിക തുക അനുവദിച്ചതായി കാണുന്നു.

ഗുണഭോക്താവ്	വിവാഹ തിയതി	സർട്ടിഫിക്കറ്റ് നം	അർഹമായ നിരക്ക്	അനുവദിച്ചത്	അധികം
രാധ രാമകൃഷ്ണൻഅടിയാംപുറത്ത് (രമ്യ)	28.3.12	111/2012 dt 15.5.12	20000	50000	30000
ചക്കി, കടീക്കൽപ്പടി (ഷീന.കെ.വി)	5.2.11	20/11dt 3.3.11	20000	50000	30000
ആകെ					-------- 60000 =====

അധികമായി അനുവദിച്ച 60,000/- രൂപ തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3-3 സമഗ്ര ക്ഷീര വികസനം-സബ്സിഡി തുക കൂടുതൽ അനുവദിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഡയറി ഫാം ഇൻസ്ട്രക്ടർ

ട്രഷറി ബിൽ നം - 1) LSG 1/13-14 dt 30.11.13 തുക-186504/-(വികസന ഫണ്ട്)

2) LSG 2/13-14 dt 24.1.14 തുക-113255/-(വികസന ഫണ്ട്)

3) LSG 3/13-14 dt. 18.3.14 തുക- 100241/- (വികസന ഫണ്ട്)

4) ട്രഷറി ചെക്ക് നം.1719575/18.3.14 തുക- 36968/- (തനത് ഫണ്ട്)

ആകെ- 436968/-

സബ്സിഡി മാർഗ്ഗ രേഖ പ്രകാരം (ജി.ഒ.(എം.എസ്) 248/12 .ത.സ്വ.ഭ.വ തി.29.9.12) ഒരു കർഷകന് ഒരു വർഷം പരമാവധി അനുവദിക്കാവുന്ന കാലിത്തീറ്റ സബ്സിഡി 10000/-രൂപയാണ്. എന്നാൽ താഴെ ചേർക്കുന്നവർക്ക് പരിധിയിൽ കവിഞ്ഞ് സബ്സിഡി തുക അനുവദിച്ചതായി കാണുന്നു.

ഗുണഭോക്താവ്	ക്ഷീര സംഘം	അനുവദിച്ച തുക								ആകെ	അധികം
		apr	may	june	july	aug	sep	oct	nov		
സണ്ണി. പി.എസ്, റോസ് വാലി എസ്റ്റേറ്റ്	പാഞ്ഞാൾ	2697.60	2146	2271.6	2102.8	1895	2067	2128.6	1836	17144.6	7145
പ്രകാശൻ. ടി.പി, താണിശ്ശേരി	"	3385.6	3468.8	2689	2178	---	----	-----	----	11721.4	1721
ലതാ പ്രകാശൻ, താണിശ്ശേരി	"	----	---	----	----	3976.4	2947.8	3563	3368	13855	3855
										ആകെ	12721

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ അപേക്ഷകൾ, ബന്ധപ്പെട്ട രേഖകളോടൊപ്പം ഹാജരാക്കിയിട്ടില്ല. കൂടാതെ ക്രമനം.2,3 എന്നിവർ വ്യത്യസ്ത കുടുംബങ്ങളിലുള്ളവരാണെന്നു തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി അനുവദിച്ച സബ്സിഡി തുക 12721/- തിരികെ ഈടാക്കേണ്ടതാണ്. ക്രമനം. 2,3 വ്യത്യസ്ത കുടുംബങ്ങളിലുള്ളവരല്ലാത്ത പക്ഷം അനുവദനീയമായ പരിധിയിൽ കവിഞ്ഞ് കുടുംബത്തിന് അനുവദിച്ച സബ്സിഡി തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 3/17.11.13).

3-4 ബി ഫണ്ട് - വിതരണ രേഖകൾ ഹാജരാക്കിയില്ല- 101740/- രൂപ തടസ്സം

2013-14 വർഷം ട്രഷറി ബിൽ ബുക്ക് വഴി പിൻവലിച്ച താഴെ പറയുന്ന ബി ഫണ്ട് തുകകളുടെ വിതരണ രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

ക്രമനം.	ഇനം	ട്രഷറി ബിൽ നം.,തിയതി	തുക (രൂപ)
1	തൊഴിൽരഹിത വേതനം	8/23.9.13	98640/-
2	കർഷക തൊഴിലാളി പെൻഷൻ	23/16.1.14	3100/-
	ആകെ		101740/-

കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ 1997ലെ ചട്ടം 12(2) പ്രകാരം രേഖകളോ കണക്കോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ല എന്നു

കരുതപ്പെടുന്നതും അതനുസരിച്ച് നിഗമനങ്ങളിൽ എത്താവുന്നതുമാണ്. രേഖകൾ ഹാജരാക്കുന്നതു വരെ 101740/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 24/23.11.2015 ന് മറുപടി ലഭ്യമാക്കിയില്ല. ചെലവു രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

3-5 ബി-ഫണ്ട് പരിശോധന-അപാകതകൾ

1) പെൻഷൻ, തൊഴിൽരഹിത വേതനം എന്നിവയുടെ അപേക്ഷാ രജിസ്റ്ററുകളിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല. അപേക്ഷകന്റെ പേരും മേൽവിലാസവും, ക്രമനം., തിയതി എന്നിവ മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയതിന്റെയും അന്വേഷണം കഴിഞ്ഞ് തിരിച്ചു ലഭിച്ചതിന്റെയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് കമ്മിറ്റി തീരുമാനം, എന്നു മുതൽ പെൻഷൻ നൽകി തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പെൻഷൻ അപേക്ഷ ലഭിച്ച തിയതി രേഖപ്പെടുത്തിയിട്ടില്ല. (ഉദാ :- വിധവാ പെൻഷൻ പേജ് 116 മുതൽ 121 വരെ, വാർദ്ധക്യകാല പെൻഷൻ പേജ് 7 മുതൽ 44 വരെ). രജിസ്റ്ററുകൾ അപൂർണ്ണമായി സൂക്ഷിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (2012-13 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് (നം.എൽ.എഫ്.ടി.പി.4-1902/14, തിയതി,7.4.15/3.6.15) ഖണ്ഡിക 3-4ൽ അപാകത സംബന്ധിച്ച പരാമർശമുണ്ടെങ്കിലും 2013-14 സാമ്പത്തിക വർഷത്തിലും അപാകതകൾ പരിഹരിച്ചിട്ടില്ല).

2) സാമൂഹ്യ സുരക്ഷ പെൻഷൻ, തൊഴിൽ രഹിത വേതനം എന്നിവയുടെ ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3എ(സി)).

3) അർഹത തെളിയിക്കുന്ന രേഖകൾ ഇല്ലാതെ പെൻഷൻ അനുവദിച്ചിരിക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പെൻഷൻ	അപേക്ഷകന്റെ പേര്	പെൻഷൻ അനുവദിച്ച സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം തിയതി	റിമാർക്സ്
വിധവാ പെൻഷൻ	കുഞ്ഞിലക്ഷ്മി, ചിരട്ടക്കാട്ടിൽ ഹൗസ്, വാഴാലിപ്പാടം	2/21.12.13	ഭർത്താവ് മരിച്ചതിന്റെ/ വിവാഹബന്ധം വേർപ്പെടുത്തിയതിന്റെ/ അഭാവത്തെപ്പറ്റി രേഖയില്ല
-ടി-	നബീസ, കയത്തിങ്കൽ ഹൗസ്, വാഴാലിപ്പാടം	2/21.12.13	-ടി-
-ടി-	അമ്മിണി, ചെമ്മാട്ട്പടി വീട്, തൊഴുപ്പാടം	2/20.1.14	-ടി-
-ടി-	ശ്രീദേവിയമ്മ, ചെമ്മാട്ടപടിവീട്, തൊഴുപ്പാടം	2/20.1.14	-ടി-
-ടി-	രാധ.കെ.കെ., കാട്ടിൽപടി വീട്, കിള്ളിമംഗലം	2/21.12.13	-ടി-
-ടി-	പത്മാവതി.കെ.പി. കറത്തൊടി വീട്, കിള്ളിമംഗലം	2/20.1.14	-ടി-
-ടി-	കദീജ.സി.പി., പള്ളത്ത്	2/20.1.14	-ടി-

	വീട്, തൊഴുപ്പാടം		
-ടി-	ജമീല, ഊരമ്പത്ത് വീട്, കിള്ളിമംഗലം	2/20.1.14	-ടി-
-ടി-	തങ്കമണി, അടിയാംപുറത്തുപടി, കിള്ളിമംഗലം	2/20.1.14	-ടി-
-ടി-	ത്രേസ്യാമ്മ ദേവസ്യ, കക്കുത്തനായിൽ, പാഞ്ഞാൾ	2/20.1.14	-ടി-
വിധവാ പെൻഷൻ	പത്മാവതി, കുന്നമ്മാർതൊടി, വാഴാലിപ്പാടം	2/20.1.14	ഭർത്താവ് മരിച്ചതിന്റെ/ വിവാഹബന്ധം വേർപ്പെടുത്തിയതിന്റെ/ അഭാവത്തെപ്പറ്റി രേഖയില്ല
-ടി-	ഓമന, കൈപ്പുള്ളി ഹൗസ്, തൊഴുപ്പാടം	2/20.1.14	-ടി-
-ടി-	കാർത്ത്യായനി, അമ്മാത്തുവളപ്പിൽ വീട്, പാഞ്ഞാൾ	3/24.1.14	-ടി-
-ടി-	സുഭദ്ര, കിഴക്കുമുറി, വെളുത്തേടത്ത്	3/24.1.14	-ടി-
-ടി-	കാർത്ത്യായനി, മനപ്പടി, പൈങ്കുളം	3/24.1.14	-ടി-
അവിവാഹിത പെൻഷൻ	മാധവി, പടിഞ്ഞാറേതിൽ, തൊഴുപ്പാടം	3/20.1.14	വിവാഹിത അല്ല എന്നു തെളിയിക്കുന്ന രേഖകൾ
-ടി-	രമണി.കെ.കെ., കാവുപറമ്പിൽ വീട്, കിള്ളിമംഗലം	3/20.1.14	-ടി-
-ടി-	ചഞ്ചലകുമാരി.പി., പൂവ്വതൊടി, കിള്ളിമംഗലം	3/20.1.14	-ടി-
-ടി-	ഭാനുമതി.കെ.എം., കാട്ടിൽഹൗസ്, കിള്ളിമംഗലം	3/20.1.14	-ടി-
-ടി-	പരിയാണി, കൊണ്ടംപുറത്തു വീട്, പാഞ്ഞാൾ	2/28.9.13	-ടി-

4) താഴെ പറയുന്ന വ്യക്തികൾക്ക് ഐ.സിഡിഎസ്. സൂപ്പർവൈസറുടെ അഗതി പെൻഷൻ അനുവദിക്കാം എന്നുള്ള റിപ്പോർട്ടിനെ അവഗണിച്ച് അവിവാഹിത പെൻഷൻ അനുവദിച്ചിരിക്കുന്നു.

- കാർത്ത്യായനി മേനാത്ത്പടി, തൊഴുപ്പാടം- അപേക്ഷയിൽ വിധവ എന്നു രേഖപ്പെടുത്തിയിരിക്കുന്നു. റേഷൻ കാർഡ് നം. 1842079046
- ജാനകി.പി., പടിഞ്ഞാറേതിൽ, തൊഴുപ്പാടം-വിവാഹിത റേഷൻ കാർഡ് നം. 18421183355.

കൂടാതെ രണ്ട് അപേക്ഷകളിലും വിവാഹിത അല്ല എന്നു തെളിയിക്കുന്ന രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

5) താഴെ പറയുന്ന പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ നിയമാനുസൃത സമയ പരിധി പാലിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പെൻഷൻ/ തീർപ്പാക്കേണ്ട കാലയളവ്	പേര്	അപേക്ഷ ലഭിച്ച തിയതി	അന്വേഷണ ത്തിന് നൽകിയ തിയതി	തിരിച്ചേൽപ്പിച്ച തിയതി	പെൻഷൻ അനുവദിച്ച സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം തിയതി

വിധവാ പെൻഷൻ 40 ദിവസം	നബീസ, മുണ്ടനാട്ടു പീടികയിൽ, കിള്ളിമംഗലം	13/06/12	രേഖപ്പെടുത്തിയിട്ടില്ല	രേഖപ്പെടുത്തിയിട്ടില്ല	2/28.5.13
- ടി-	ബീപാത്തു, പറമ്പിൽ പീടികയിൽ, പൈങ്കുളം	28/06/12	-ടി-	-ടി-	2/28.5.13
-ടി-	ബേബി.സി., ചക്കാലെ വീട്, പൈങ്കുളം	28/06/12	-ടി-	-ടി-	2/28.5.13
-ടി-	തങ്കമ്മ എന്ന ദേവയാനിയമ്മ, ചക്കാലെ വീട്, പൈങ്കുളം	28/06/12	-ടി-	-ടി-	2/28.5.13
-ടി-	വിലാസിനി, കൊണ്ടപുറത്തൊടി, പാഞ്ഞാൾ	04/06/12	-ടി-	-ടി-	2/28.5.13
-ടി-	ശാരദ, മൂച്ചിക്കൽ, കിള്ളിമംഗലം	09/05/12	-ടി-	-ടി-	1/16.4.13
-ടി-	തങ്കം.കെ.വി., കുണ്ടുകാട്ടു പറമ്പിൽ,	23/07/12	-ടി-	-ടി-	1/16.4.13
-ടി-	റുഖിയ, പുത്തൻ പീടികയിൽ, തൊഴുപ്പാടം	05/07/12	-ടി-	-ടി-	1/16.4.13
-ടി-	കാർത്ത്യായനി, നാലുപുരയ്ക്കൽ, കിള്ളിമംഗലം	05/07/12	-ടി-	-ടി-	1/16.4.13
-ടി-	കാളി,ഉണിക്കാട്ടുപടി, കിള്ളിമംഗലം	31/05/12	-ടി-	-ടി-	1/16.4.13
-ടി-	രാധ, താനിശ്ശേരി മേലേപുരയ്ക്കൽ, പൈങ്കുളം	29/05/12	-ടി-	-ടി-	1/16.4.13
-ടി-	മറിയ, ചുട്ടുപറമ്പിൽ, തൊഴുപ്പാടം	04/07/12	-ടി-	-ടി-	1/16.4.13
-ടി-	ആമിന, പണ്ടാരക്കൊട്ടിലിൽ വീട്, തൊഴുപ്പാടം	14/05/12	-ടി-	-ടി-	1/16.4.13
-ടി-	പാർവതി, മങ്ങാട്ടുഞാലിൽ, പൈങ്കുളം	16/07/12	-ടി-	-ടി-	1/16.4.13
-ടി-	വിജയലക്ഷ്മി, മങ്ങാട്ടുഞാലിൽ, പൈങ്കുളം	19/07/12	-ടി-	-ടി-	1/16.4.13
-ടി-	സരോജിനിഅമ്മ, മാരിയിൽ വീട്, പൈങ്കുളം	28/07/12	-ടി-	-ടി-	1/16.4.13
-ടി-	മാലതിഅമ്മ, കലങ്ങോട്ടുഞാലിൽ വീട്, പൈങ്കുളം	22/05/12	-ടി-	-ടി-	1/16.4.13

-ടി-	ഉഷ, ചെറുവത്തൂർ വീട്, കിള്ളിമംഗലം	13/06/12	-ടി-	-ടി-	1/16.4.13
കർഷക തൊഴിലാളി പെൻഷൻ 45 ദിവസം	ചന്ദ്രിക, W/o,നാരായണൻ. പൊതുവാളശ്ശേരി, കിള്ളിമംഗലം	03/10/12	-ടി-	-ടി-	1/21.12.13
വികലാംഗ പെൻഷൻ 40 ദിവസം	വാസുദേവൻ, കാട്ടുകുളങ്ങര, പൈങ്കുളം	27/09/12	-ടി-	-ടി-	1/30.11.13
-ടി-	ഐശ്വര്യ, പൊതുവാളശ്ശേരി, കിള്ളിമംഗലം	29/09/12	-ടി-	-ടി-	1/30.11.13
-ടി-	രജിത.കെ.എം., കുന്നത്തു കൊണ്ടയിൽ, പൈങ്കുളം	30/10/12	-ടി-	-ടി-	1/30.11.13
-ടി-	രാമചന്ദ്രൻ.കെ.എം., കിഴക്കുമുറി, കിള്ളിമംഗലം	22/10/12	-ടി-	-ടി-	1/30.11.13
-ടി-	തോമസ്, മാവാട്ടുകുളം, പൈങ്കുളം	15/11/12	-ടി-	-ടി-	1/30.11.13

ന്യൂനതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3-6 ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം-സ്റ്റോക്കിലെടുത്തിട്ടില്ല

മങ്ങാട് ദൃശ്യ അമൃതം ഫുഡ് സപ്ലിമെന്റിന്റെ തീയതി രേഖപ്പെടുത്താത്ത ഇൻവോയ്സ് നം. 51 പ്രകാരം 850kg THRS ഭക്ഷ്യ മിശ്രിതത്തിന് ഡി.ഡി നം 000465/26.03.14 പ്രകാരം 47600 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രകാരം ലഭിച്ച 850kg ഭക്ഷ്യ മിശ്രിതം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം നടത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിൽ ഇൻവോയ്സ് നം, തിയതി, ബിൽ തുക എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ അംഗനവാടികളുടെ സ്റ്റോക്ക് രജിസ്റ്ററിലും,വിതരണ സ്റ്റേറ്റ്മെന്റിലും ഭക്ഷ്യ മിശ്രിതം കൈപ്പറ്റിയ തീയതി രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ചെലവുതുക 47600/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

3-7 ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ-മാർഗ്ഗരേഖ പാലിച്ചില്ല

നിർവ്വഹണം - മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യകേന്ദ്രം

പ്രൊജക്ട് - 13/14, ചെലവുതുക - 99990/- (ട്രഷറി ബിൽ.നം.12/13-14 dt 22.3.14)

ജി.ഒ.(എം.എസ്)248/2012/ത.സ്വ.ഭ.വ. തി.29.9.12 പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മാത്രമേ വാങ്ങാവൂ എന്നു നിഷ്കർഷിക്കുന്നു. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാതെ തന്നെ ആശുപത്രിയിലേക്ക് മരുന്നു വാങ്ങുന്നതിന് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച്, ലഭിച്ച ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കുണ്ടുകാട് നീതി സ്റ്റോറിന്റെ ക്വട്ടേഷൻ അംഗീകരിക്കുന്നതിന് 9.1.14 ലെ 1(1) പ്രകാരം ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭിക്കാൻ കാലതാമസം നേരിട്ടതിനാൽ ക്വട്ടേഷൻ നടപടികളിലൂടെ മരുന്നു വാങ്ങുന്നതിന് ഭരണസമിതി തീരുമാനിച്ചു. (തീരുമാനം 1(1)/ 09.01.14).

ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവയിലിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തതിനും, മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് ക്വട്ടേഷൻ നടപടികളിലൂടെ മരുന്നു വാങ്ങൽ നടത്തിയതിനും വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവു തുക 99990/-രൂപ തടസ്സപ്പെടുത്തുന്നു.

3-8 വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പ്രോജക്റ്റ് നമ്പർ - 14/14

ട്രഷറി ബിൽ നമ്പർ / തിയതി - LSGD 1/2014 തി.24.03.14, തുക - 500000/-

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി നടത്തിപ്പിനായി 80 ഗുണഭോക്താക്കൾക്കുള്ള ഗ്രാമപഞ്ചായത്തിന്റെ വിഹിതം 500000/- ഡി.ഡി.നം. - 000341/24.3.14 പ്രകാരം എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവുതുക 500000/- രൂപ തടസ്സപ്പെടുത്തുന്നു.

3-9 ഐ.എ.വൈ. - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയില്ല

2013-14 വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും IAY വിഹിതം ഇനത്തിൽ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിന് നൽകിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്റ്റ്	തുക (രൂ)/ഫണ്ട് ഇനം	ബിൽ നം./ഡി.ഡി. നം.
1	127/13-14IAY അധികവിഹിതം	600000/-Plan(Gen)	ബിൽനം.- 10/23.9.13DD no.669186/11.10.13
2	130/13-14IAY വിഹിതം	900000/-Plan(SCP)	ബിൽനം.- 14/7.10.13DD no.699185/11.10.13

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3-10 വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ - അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ് മിസ്ട്രസ്, ജി.എൽ.പി.എസ്, തൊഴുപാടം

ബിൽ നമ്പർ - 1/13-14 തീയതി 26.12.13, തുക–250000/-

1)സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) നം.248/2012 തീയതി.29.09.12 ഖണ്ഡിക 5-7(5) പ്രകാരം ധന സഹായത്തിന് തെരെഞ്ഞെടുക്കുന്ന വിദ്യാർത്ഥികളായവരുടേയും അല്ലാത്തവരുടേയും പട്ടിക ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതും, ഗ്രാമസഭയിൽ വായിച്ച് അംഗീകാരം നേടേണ്ടതുമാണ്. എന്നാൽ തെരഞ്ഞെടുക്കപ്പെട്ട 49 ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചതായി കാണുന്നില്ല. 17.10.13ലെ ഭരണസമിതിയുടെ തീരുമാനം നം 96(4) പ്രകാരം ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്.

2) രേഖകൾ ഹാജരാക്കിയിട്ടില്ല.

ഗുണഭോക്തൃലിസ്റ്റ് .ക്രമ നം	അപേക്ഷകൻ	വൈകല്യത്തിന്റെ സ്വഭാവം	ഹാജരാക്കേണ്ട രേഖകൾ	ഡി.ഡി നം/ തീയതി, കൈപ്പറ്റിയ തുക
25	നുസൈബ ഇസ്മെയിൽ, പട്ടരുതൊടിയിൽ (മുഹമ്മദ് മുസ്തഫ)	മാനസികം	മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, തദ്ദേശവാസിയാണെന്നു തെളിയ്ക്കുന്ന രേഖകൾ, സ്ക്കൂളിൽ പഠിക്കുന്നു എന്നതിനുള്ള രേഖകൾ	701308/27.12.13, 5600/-
33	അബ്ദുള്ള ചുട്ടുപറമ്പിൽ (മുഹമ്മദ് ഹാരിസ്. സി.എ)	ശാരീരികം	"	701316/27.12.13, 4200/-
35	ദേവി നാഥൻ, വാഴത്തൊടി (ജയകൃഷ്ണൻ.വി.ഡി)	മാനസികം	"	701318/27.12.13, 4400/-
37	സുബ്രമണ്യൻ കോട്ടയിൽ (തേജസ്.കെ)	ശാരീരികം	തദ്ദേശവാസിയാണെന്നു തെളിയ്ക്കുന്ന രേഖകൾ, സ്ക്കൂളിൽ പഠിക്കുന്നു എന്നതിനുള്ള രേഖകൾ	701320/27.12.13, 4400/-
38	മദനമോഹൻ, നമ്പ്രത്ത് (പ്രണവ്.എൻ.എം)	മാനസികം	മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, തദ്ദേശവാസിയാണെന്നു തെളിയ്ക്കുന്ന രേഖകൾ, സ്ക്കൂളിൽ പഠിക്കുന്നു എന്നതിനുള്ള രേഖകൾ	701321/27.12.13, 5600/-

39	സിന്ധു ഉണ്ണികൃഷ്ണൻ, കിഴക്കേതിൽ (വൈഷ്ണവ്.കെ.വി)	ശാരീരികം	"	701322/27.12.13, 4200/-
40	സേതുമാധവൻ പുത്തൻവീട്ടിൽ (സുജിൻ.പി.എസ്)	മാനസികം	"	701323/27.12.13, 5600/-
41	സുമലത.കെ.ബി, പുത്തൻവീട്ടിൽ (സൂര്യപ്രഭ.പി.എസ്)	ശാരീരികം	"	701324/27.12.13, 4200/-
49	മായ, വടക്കൂട്ട് (വൈഷ്ണവ്.പി.എം)	ശാരീരികം	"	701332/27.12.13, 4200/-
	ആകെ			------------ 42400/- =======

രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക 42400/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

3-11 വനിതാ കിടപ്പാട ഭൂമി- മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

പ്രൊജക്ട് നം. - 144/14

നിർവ്വഹണം - വി.ഇ.ഒ

ട്രഷറി ബിൽ നം. 4/28.02.14 തുക - 300000/-

ട്രഷറി ബിൽ നം. 11/29.3.14 തുക - 150000/-

450000/-

======

പ്രായപൂർത്തിയായ പുരുഷൻമാരില്ലാത്ത സ്ത്രീ കുടുംബനാഥയായ കുടുംബം എന്ന പ്രത്യേക പരിഗണന നൽകുന്ന വിഭാഗങ്ങൾക്കായി വീടിന് സ്ഥലം വാങ്ങുന്നതിന് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്ക്കരിച്ച പ്രൊജക്ടാണിത്. എന്നാൽ ധനസഹായം ലഭിച്ച 3 ഗുണഭോക്താക്കളും ഈ വിഭാഗത്തിൽ ഉൾപ്പെട്ടവരല്ല എന്നു കാണുന്നു.(കുടുംബനാഥ സ്ത്രീകൾ അല്ല). കൂടാതെ സബ്സിഡി മാർഗ്ഗ രേഖ ജി.ഒ.(എം.എസ്) 248/12ത.സ്വ.ഭ.വ തി.29.9.2012 പ്രകാരം വാങ്ങുന്ന സ്ഥലം ഭാര്യയുടെയും ഭർത്താവിന്റെയും പേരിൽ രജിസ്റ്റർ ചെയ്ത് വാങ്ങേണ്ടതായിരുന്നു. എന്നാൽ ഭാര്യയുടെ മാത്രം പേരിലാണ് 3 ആധാരങ്ങളും രജിസ്റ്റർ ചെയ്തിട്ടുള്ളത്.

വനിതാ ഘടക പദ്ധതിയിൽ ഉൾപ്പടുത്തി തയ്യാറാക്കിയ മേൽ പ്രൊജക്ടിൽ മുൻഗണന നൽകേണ്ട വിഭാഗങ്ങളെ ഒഴിവാക്കി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്താതെ അനർഹരായവർക്ക് ആനുകൂല്യം നൽകിയതും, മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് ഭാര്യയുടെ പേരിൽ ആധാരം രജിസ്ററർ ചെയ്തതും ശരിയായ നടപടിയല്ല. അർഹരായ ഗുണഭോക്താക്കളെ ഗ്രാമസഭകളുടെ അംഗീകാരത്തോടു കൂടി മാത്രം തെരഞ്ഞെടുത്ത് ധനസഹായം അനുവദിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

3-12 ഭവന റിപ്പയർ - അപാകതകൾ

<u>പ്രൊജക്ട്.നം - 128/14, ഭവനറിപ്പയർ (വനിത)</u>

നിർവ്വഹണം - വി.ഇ.ഒ.

ട്രഷറി ബിൽ നമ്പർ/തിയതി - 3/20.02.14 - 505000/-

ട്രഷറി ബിൽ നമ്പർ/തിയതി - 6/19.03.14 - 505000/-

ട്രഷറി ബിൽ നമ്പർ/തിയതി - 8/19.03.14 - 40000/-

പ്രായപൂർത്തിയായ പുരുഷൻമാരില്ലാത്ത സ്ത്രീ കുടുംബനാഥയായ കുടുംബം എന്ന പ്രത്യേക പരിഗണന നൽകുന്ന വിഭാഗങ്ങൾക്കായി ഭവന റിപ്പയറിന് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്ക്കരിച്ച പ്രൊജക്ടാണിത്. 105 ഗുണഭോക്താക്കൾക്ക് 10000/- രൂപ വീതം ഭവന റിപ്പയറിന് നൽകുന്നു. തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ ഭൂരിഭാഗവും ഈ വിഭാഗത്തിൽ ഉൾപ്പെടുന്നില്ല. റഫ് എസ്ററിമേറ്റ് ഗുണഭോക്താവ് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ അഡ്വാൻസ് 5000/-രൂപയും ഓവർസിയറുടെ വാലേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ബാക്കി തുക 5000/- രൂപയും അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്.

1) ഗുണഭോക്താക്കളുടെ ഫയൽ പരിശോധിച്ചതിൽ 105 ഗുണഭോക്താക്കളും റഫ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

2) ഗുണഭോക്താക്കൾ 6 വർഷത്തിനുള്ളിൽ ഇതേ ധനസഹായം കൈപ്പറ്റിയിട്ടില്ലെന്നു തെളിയിക്കുന്നതിനുള്ള രേഖകളോ, വീടിന്റെ പഴക്കം തെളിയിക്കുന്നതിനുള്ള രേഖകളോ ഹാജരാക്കിയിട്ടില്ല. [ജി.ഒ(എം.എസ്)225/2012 ത.സ്വ.ഭ.വ.18.8.12]

3) ഓവർസീയറുടെ വാലേഷൻ റിപ്പോർട്ടിൽ ഒന്നിൽ പോലും തീയതി രേഖപ്പെടുത്തിയിട്ടില്ല.

4) വാലേഷൻ റിപ്പോർട്ടിനേക്കാൾ കൂടിയ തുക അനുവദിച്ചു.

ഓവർസിയറുടെ തിയതി രേഖപ്പെടുത്താത്ത വാലേഷൻ പ്രകാരം 5000/- രൂപ രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് ഹാജരാക്കിയവർക്ക് 10000/- രൂപ അനുവദിച്ചതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

ഗുണഭോക്താവ്	ഡിഡിനം/തിയതി	അനുവദിച്ച തുക	അധികം
ശാന്തകുമാരി, തെഞ്ചീരി	854269/22.2.14,-5000 000146/22.3.14-5000	10000	5000
സരോജിനി അമ്മ, മാരിയിൽ	854267/22.2.14- 5000000148/ 22.3.14-5000	10000	5000
ഗീതാ കായംപൂവ്വത്തിങ്കൽ	854320/22.2.14- 5000000197/ 22.3.14-5000	10000	5000
			15000

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും അനർഹമായി അനുവദിച്ച 15000/- രൂപ തിരികെ ഈടാക്കേണ്ടതുമാണ്.

3-13 തെരുവ് വിളക്കുകൾ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല

വിവിധ പ്രോജക്ടുകളിലായി സിഡ്കോയിൽ നിന്നും ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങിയതായും കെഎസ്ഇബി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾക്ക് സൂപ്പർവിഷൻ ചാർജ് ഇനത്തിൽ തുക നൽകിയതായും കാണുന്നു. എന്നാൽ ഇലക്ട്രിക്ക് ഉപകരണങ്ങൾ കൈമാറിയതായോ സ്ഥാപിച്ചതായോ രേഖകൾ ഇല്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം	പ്രോജക്ട്, അടങ്കൽ	ചെലവ്	വൌച്ചർ നം, തിയതി	കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ്
1	അയ്യപ്പൻകാവ് തീരദേശ റോഡിൽ സ്ട്രീറ്റ് മെയിൻ വലിച്ച് ട്യൂബ് ലൈറ്റ് സ്ഥാപിക്കൽ (109/14) 100000 (ലോകബാങ്ക് സഹായം)	59000	21301338/31.03.14	സിഡ്കോയിൽ നിന്നും തെരുവ് വിളക്ക് വാങ്ങൽ
		2800	21301344/31.03.14	സൂപ്പർവിഷൻ ചാർജ്ജ് -ചേലക്കര
		7100	21301345/31.03.14	സൂപ്പർവിഷൻ ചാർജ്ജ് -ചേലക്കര
2	തൊഴുപ്പാടം സെന്റർ മുതൽ ചാക്കയാൻ ചന്ദ്രന്റെ വീട് വരെ സ്ട്രീറ്റ് മെയിൻ വലിച്ച് ട്യൂബ് ലൈറ്റ് സ്ഥാപിക്കൽ (228/14) 48300 (13ാം ധനകാര്യ	44700	21301322/31.03.14	സിഡ്കോയിൽ നിന്നും തെരുവ് വിളക്ക് വാങ്ങൽ
		3600	21300980/31.01.14	സൂപ്പർവിഷൻ ചാർജ്ജ്

	കമ്മീഷൻ)			ചേലക്കര
3	3-ാം വാർഡിൽ സി.എഫ്.എൽ സ്ഥാപിക്കൽ (224/14) 50000 (13ാം ധനകാര്യ കമ്മീഷൻ)	40855	21301294/31.03.14	(സിഡ്കോയിൽ നിന്നും തെരുവ് വിളക്ക് വാങ്ങൽ
		7500	21300983/31.01.14	സൂപ്പർവിഷൻ ചാർജ്ജ് -ചെറുതുരുത്തി
4	ചാത്തൻ കുളം കോളനിയിൽ ലൈറ്റ് സ്ഥാപിക്കൽ (222/14) 50000 (വികസന ഫണ്ട് scp)	50000	21301350/31.03.14	സിഡ്കോയിൽ നിന്നും തെരുവ് വിളക്ക് വാങ്ങൽ
	ആകെ	--------- 215555/- ======		

ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതും മറുപടി ലഭ്യമാക്കേണ്ടതുമാണ്. രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക തടസ്സപ്പെടുത്തുന്നു.

3-14 കുടിവെള്ള വിതരണം - അപാകതകൾ

പ്രോജക്ട് - വരൾച്ച കുടിവെള്ള വിതരണം (265/13-14)

ചെലവ് - 310500/-

വൗച്ചർ നം. - 21300981/9.1.14 – 260,500/-(വികസന ഫണ്ട്)

വൗച്ചർ നം. - 21300138/22.5.13 – 50,000/- (തനത് ഫണ്ട്)

8-5-13 മുതൽ 30-5-13 വരെ വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) കുടിവെള്ള സ്രോതസ്സുകൾ മുൻകൂട്ടി നിശ്ചയിച്ച് വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കേണ്ടതാണ്. ഗുണനിലവാര സാക്ഷ്യപത്രം ലഭിച്ചതിൽ ഒന്നിൽ ബാക്ടീരിയ ഉള്ളതിനാൽ അതിനെ നിർവീര്യമാക്കിയതിനു ശേഷമാവണം വെള്ളം വിതരണം എന്നും, രണ്ടാമത്തെ കിണറിലെ വെള്ളത്തിൽ Iron ന്റെ അളവിൽ വ്യത്യാസം ഉള്ളതിനാൽ Proper treatment നു ശേഷമേ വിതരണം നടത്താൻ പാടുള്ളൂ എന്നും കാണുന്നു. എന്നാൽ ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ ക്ലോറിനേഷൻ നടത്തിയതിനു ശേഷമാണ് വെള്ളം വിതരണം നടത്തിയത് എന്നു വിശദീകരിച്ചിട്ടുണ്ട്. എന്നാൽ 24-5-13 നാണ് ഗുണനിലവാര സാക്ഷ്യപത്രം ലഭിച്ചത്. വെള്ളം വിതരണം 8-5-13 മുതൽ നടത്തി.

2) ജല സ്രോതസ്സ്, കുടിവെള്ള വിതരണത്തിന് ഉപയോഗിക്കുന്നതാണെന്നുള്ള ബോർഡ് പ്രദർശിപ്പിച്ചിട്ടില്ല.

3) കരാർ പ്രകാരം 5000 ലിറ്ററിന്റെ ഒരു ട്രിപ്പിന് 1500 രൂപ വീതം 207 ട്രിപ്പിന് 310500/ രൂപ നൽകിയിട്ടുണ്ട്. ഇൻകം ടാക്സ് ആക്ട് 1961 സെക്ഷൻ 194 (സി) പ്രകാരം സ്രോതസ്സിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല. 1% നിരക്കിൽ കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 22/21.11.2015)

3-15 ഇ.എം.എസ് ഭവനപദ്ധതി-ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല

2009-10 സാമ്പത്തിക വർഷം ആരംഭിച്ച മേൽ പദ്ധതിയിൽ ഗുണഭോക്താക്കളായി തെരഞ്ഞെടുത്ത് ധനസഹായം കൈപ്പറ്റിയ താഴെ പറയുന്നവർ നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. (ഭവനനിർമ്മാണത്തിന് ഒരാൾക്ക് 75000/-നൽകുന്നു.)

ഗുണഭോക്താവ്	ആകെ കൈപ്പറ്റിയ തുക	തുക കൈപ്പറ്റിയ അവസാന തിയതി
മണികണ്ഠൻ, പുളിക്കൻ	35000/-	23.1.13
ബേബി ജോസഫ്, വലിയകുന്നത്ത്	50000/-	4.11.10
വിലാസിനി, പൂവ്വത്തൊടി	35000/-	29.11.10
മുഹമ്മദ്, പടിഞ്ഞാറേപീടികയിൽ	50000/-	24.12.10

പാറുക്കുട്ടി, തൊടിയിൽ	15000/-	19.4.10
കാർത്ത്യായനി, ചിറക്കാട്ടുകുഴി	50000/-	19.11.10
ദിവ്യ ബിജു, ചുണ്ടൻപൊററ	30000/-	21.5.11
അരവിന്ദാക്ഷൻ, കീഴില്ലത്ത്	30000/-	11.2.11
ഉണ്ണികൃഷ്ണൻ, പുല്ലാട്ട്പറമ്പിൽ	50000/-	12.1.12
പ്രകാശ്, കിഴക്കേമുറിയിൽ	30000/-	13.12.11
ഉണ്ണികൃഷ്ണൻ, വേളേടത്ത്	10000/-	28.5.12

മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാത്ത പക്ഷം നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-16 ഡെപ്പോസിറ്റ് പ്രവൃത്തികൾ - പൂർത്തീകരണ രേഖകളില്ല

വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരം തുക ഇലക്ട്രിസിറ്റി ബോർഡിൽ അടവാക്കിയിട്ടുണ്ട്. ഇവ പൂർത്തീകരിച്ച് ഫൈനൽ ബിൽ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രോജക്ട്, അടങ്കൽ	ചെലവ്	വൗച്ചർ നം, തിയതി	കെഎസ്ഇബി സെക്ഷൻ ഓഫീസ്
1	പ്രക്കോട്ടിൽപ്പടി കോളനി റോഡിൽ സ്ട്രീറ്റ് മെയിൻ വലിച്ച് ലൈറ്റ് സ്ഥാപിക്കൽ (94/14) 79410 (വികസന ഫണ്ട്)	79410	1292/31.3.14, 1315/31.3.14	ഇലക്ട്രിക്കൽ സെക്ഷൻ, ചേലക്കര
2	പാറപ്പുറം റോഡിൽ സ്ട്രീറ്റ് മെയിൻ വലിച്ച് ലൈറ്റ് സ്ഥാപിക്കൽ (98/14) 100000 (ലോക ബാങ്ക് സഹായം)	95488 (42585 ഡെപ്പോസിറ്റ് ചെയ്തു. 52903 രൂപയ്ക്ക് ഡബിൾ റ്റ്യൂബ് ലൈറ്റ് വാങ്ങി)	1060/22.2.14 1337/31.3.14 1340/31.3.14	ഇലക്ട്രിക്കൽ സെക്ഷൻ, ചെറുതുരുത്തി.
3	വിവിധ വാർഡുകളിൽ ഇല്ക്ട്രിക് പോസ്റ്റ് മാറ്റൽ (233/14) 134012 (തനത് ഫണ്ട്)	100691	587/ 22.7.13 932/ 21.01.14 978/ 31.01.14 1043/ 17.2.14 1044/ 17.2.14	ഇല്കട്രിക്കൽ സെക്ഷൻ, ചെറുതുരുത്തി, ചേലക്കര.

ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്.

3-17 വാർഡ് സേവാ കേന്ദ്രങ്ങൾ പ്രവർത്തനക്ഷമമാക്കിയില്ല

പ്രൊജക്ട് നം. - 5/13-14- വാർഡ് സേവാ കേന്ദ്രത്തിലേക്ക് ഫർണിച്ചർ

അടങ്കൽ - പ്ലാൻ (ജനറൽ) - 322200/-

ചെലവ് - പ്ലാൻ (ജനറൽ) - 322200/-

വാർഡ് സേവാ കേന്ദ്രത്തിലേക്ക് ഫർണിച്ചർ എന്ന പദ്ധതിക്കു വേണ്ടി ബിൽ നം. 21/29.11.13 പ്രകാരം 322200/- രൂപ പിൻവലിച്ച്, മെട്രോ ഏജൻസീസ്, കല്ലുംപുറം, കടവല്ലൂർ എന്ന സ്ഥാപനത്തിൽ നിന്നും 500 കൈയ്യില്ലാത്ത കസേരകൾ, 16 റിവോൾവിംഗ് കസേരകൾ, 16 മേശ എന്നിവ വാങ്ങിയിട്ടുണ്ട്. (ഡി.ഡി.നം. 699915/29.11.13, SBT., ചേലക്കര). ഇതിൽ 25 കസേരകൾ, 1 റിവോൾവിംഗ് കസേര, 1 മേശ എന്നിവ വീതം 400 കസേരകൾ, 16 റിവോൾവിംഗ് കസേര, 16 മേശ എന്നിവ 16 അംഗൻവാടികളിൽ സൂക്ഷിച്ചിരിക്കുന്നു. ബാക്കിയുള്ള 100 കസേരകൾ പഞ്ചായത്തിലുള്ള ഇ.എം.എസ്. ഹാളിൽ ഉപയോഗിക്കുകയാണ് ചെയ്യുന്നത്. ഫർണിച്ചർ വാങ്ങി രണ്ടു വർഷമായിട്ടും വാർഡ് സേവാ കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല. വാർഡ്

സേവാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിനു മുമ്പു തന്നെ ഫർണിച്ചർ വാങ്ങി സൂക്ഷിച്ചിരിക്കുന്നത് പ്രൊജക്ട് തയ്യാറാക്കുന്നതിലെ ആസൂത്രണമില്ലായ്മയാണ് കാണിക്കുന്നത്.

കൂടാതെ ഫർണിച്ചർ വാങ്ങലിന് 5 ടെണ്ടറുകളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ മെട്രോ ഏജൻസീസ് സമർപ്പിച്ച ടെണ്ടറിൽ മാത്രമാണ് ബിൽ പ്രകാരം ഉള്ള സാധനങ്ങളുടെ സ്പെസിഫിക്കേഷൻ ഉള്ളത്. ടെണ്ടർ ക്ഷണിക്കുമ്പോൾ സാധനങ്ങളുടെ പേരുവിവരം യഥാർത്ഥ സ്പെസിഫിക്കേഷനോടു കൂടി രേഖപ്പെടുത്തണം എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. (ജി.ഒ.പി.3/2013/ എസ്.പി.ഡി. 21.6.2013 (ഖണ്ഡിക 7.33). അതിനാൽ ടെണ്ടറുകൾ താരതമ്യം ചെയ്ത് ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സമർപ്പിച്ച വ്യക്തിയിൽ നിന്നാണ് സാധനങ്ങൾ വാങ്ങിയിരിക്കുന്നത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

വാർഡ് സേവാ കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, 322200/- രൂപ ചെലവഴിച്ചു വാങ്ങിയ ഫർണിച്ചറുകൾ ഉപയോഗശൂന്യമാകാതെ പ്രയോജനപ്പെടുത്തുന്നതിനും അടിയന്തിര നടപടികളെടുക്കേണ്ടതാണ്. യാഥാർത്ഥ്യബോധത്തോടെ പ്രൊജക്ടുകൾ രൂപീകരിക്കേണ്ടതിന്റെയും തുടർ നിരീക്ഷണ സംവിധാനം ശക്തിപ്പെടുത്തേണ്ടതിന്റെയും ആവശ്യകതയിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

3-18 സാങ്കേതികാനുമതി ലഭിച്ച തുകയയേക്കാൾ കൂടുതൽ ചെലവു ചെയ്തു

നിർവ്വഹണഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ടിന്റെ പേര് : അയ്യപ്പൻകാവ് കുടിവെള്ളപദ്ധതി

പ്രൊജക്ട് നമ്പർ : എസ്.0165/14

അടങ്കൽ : ₹300000(തനത് ഫണ്ട്)

₹699500(ജില്ലാ പഞ്ചായത്ത് വിഹിതം)

₹99950(ഗുണഭോക്തൃവിഹിതം)

₹1099450

സാങ്കേതികാനുമതി : 406/AEE/LSGD/ 3.3.13; ₹1099450

തൻവർഷം ചെലവഴിച്ച തുക : ട്രഷറി ബിൽ നമ്പർ1/14.6.13 ₹699500

അളവുപുസ്തകം : 120/12-13

കൺവീനർ : ശ്രീ.ജയേഷ് ബാബു

കരാർ : 66/18.1.13

നിലവിൽ കുഴൽകിണർ, മോട്ടോർ, ജലസംഭരണി എന്നിവയുള്ള ഈ കുടിവെള്ളപദ്ധതിയിൽ പമ്പിങ് മെയിൻ, വിതരണം എന്നിവക്കായി പൈപ്പിടുന്നതിനാണ് പ്രൊജക്ടിൽ വിഭാവനം ചെയ്തിരിക്കുന്നത്. പഴയന്നൂർ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രോജക്ടിന് ₹1099450/- സാങ്കേതികാനുമതി നല്കിയിരുന്നു. പ്രൊജക്ടിന് വകയിരുത്തിയിരുന്ന തുകയും ₹1099450 ആയിരുന്നു. എന്നാൽ പ്രൊജക്ടിന്റെ അന്തിമബിൽ തയ്യാറാക്കിയപ്പോൾ ആകെ പ്രവൃത്തി മൂല്യം സാങ്കേതികാനുമതി തുകയിൽ ക്ലിപ്തപ്പെടുത്താത്തതു മൂലം സാങ്കേതികാനുമതി നല്കിയ തുകയിലും കൂടുതൽ ചെലവു ചെയ്യാനിടയായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രവൃത്തിമൂല്യം :₹1052076

(ഇലക്ട്രിഫിക്കേഷൻ അടക്കം)

വാറ്റ്@5% :₹52604

കെട്ടിടതൊഴിലാളി

ക്ഷേമനിധിവിഹിതം :₹10521

ആകെ :₹1115201

ക്ലിപ്തപ്പെടുത്തിയ തുക ₹1099450(സാങ്കേതികാനുമതി തുക)

കുറക്കുക:

വാറ്റ്@5% :₹52604

കെട്ടിടതൊഴിലാളി

ക്ഷേമനിധിവിഹിതം :₹10521

ഗുണഭോക്തൃവിഹിതം :₹105208

കൺവീനർക്ക് നല്കാവുന്ന തുക :₹931117

ഇതനുസരിച്ച് കൺവീനർക്ക് ₹931117 യും വാറ്റിനത്തിൽ ₹52604 യും കെട്ടിടതൊഴിലാളി ക്ഷേമനിധിവിഹിതം ഇനത്തിൽ ₹10521 യുമടക്കം ₹994242 യാണ് പിൻവലിക്കേണ്ടത്. എന്നാൽ ഇതിനു പകരം കൺവീനർക്ക് ₹946868 നല്കുകയും വാറ്റിനത്തിൽ 47343 രൂപയും കെട്ടിടതൊഴിലാളി ക്ഷേമനിധിവിഹിതം ഇനത്തിൽ 9469 രൂപയും അടവാക്കി(ആകെ പിൻവലിച്ച തുക - ₹1003680). ഇപ്രകാരം ₹9438 (1003680 -994242) സാങ്കേതികാനുമതി തുകയേക്കാൾ അധികം പിൻവലിച്ചിട്ടുണ്ട്.

കൺവീനർക്ക് അധികം നല്കിയ ₹15751(₹946868-₹931117)യിൽ നിന്നും വാറ്റിനത്തിൽ കുറവുവന്ന 5261(52604-47343)രൂപയും കെട്ടിടതൊഴിലാളി ക്ഷേമനിധിവിഹിതം ഇനത്തിൽ കുറവുവന്ന 1052 രൂപയും (10521-9469) ഈടാക്കി അതാത് സ്ഥാപനങ്ങളിൽ അടവാക്കേണ്ടതാണ്. അധികം പിൻവലിച്ചതും കൺവീനർക്ക് നല്കിയതുമായ ₹9438 (₹15751-(₹5261+ ₹1052)) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

3-19 പാറപ്പുറം കുടിവെള്ളപദ്ധതി-അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ടിന്റെ പേര് : പാറപ്പുറം കുടിവെള്ളപദ്ധതി

പ്രൊജക്ട് നമ്പർ : എസ്.0205/14

അടങ്കൽ : ₹100000(ലോകബാങ്ക് ധനസഹായം)

₹133000(തനത് ഫണ്ട്)

₹20000(ഗുണഭോക്തൃവിഹിതം)

₹253000

സാങ്കേതികാനുമതി : 5/AEE/KWA/ PZR/5.8.11; ₹255000

ചെലവഴിച്ച തുക ട്രഷറി ബിൽ നമ്പർ - 99/31.2.14 ; ₹100000

വൗച്ചർ നമ്പർ. 21301260/31.3.14; ₹106345

ആകെ ₹206345

അളവുപുസ്തകം : 75/13-14

കൺവീനർ : ശ്രീ.ഇ.മുഹമ്മദ് കുട്ടി

കരാർ : `126/31.3.12

ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പദ്ധതി പ്രവർത്തനക്ഷമമല്ല

പ്രൊജക്ട് അനുസരിച്ച് കുഴൽകിണർ കുഴിക്കുന്നതിനും ഫെറോസിമന്റ് പമ്പ് ഹൗസ്,മോട്ടോർ പമ്പ് സെറ്റ് എന്നിവ സ്ഥാപിക്കുന്നതിനുമായി 206345 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയും വൈദ്യുതിബന്ധം സ്ഥാപിച്ചിട്ടില്ലെന്ന് ഭൗതിക പരിശോധനയിൽ നിന്നും വ്യക്തമായി. നടപ്പാക്കിയ പ്രൊജക്ടിൽ കുടിവെള്ളവിതരണത്തിനായി പൈപ്പ് ലൈനും സ്ഥാപിച്ചിട്ടില്ല. വൈദ്യുതി ബന്ധം ഇല്ലാതെ കുഴൽകിണറിൽ മോട്ടോർ സ്ഥാപിച്ച നിലയിലാണ് കാണപ്പെട്ടത്. ബൃഹത്തായ പദ്ധതിയാണ് ഇതെന്നും ബ്ലോക്ക് പഞ്ചായത്തിന്റെ പ്രൊജക്ട് പ്രകാരം കുറച്ചു ദൂരം പൈപ്പ് സ്ഥാപിച്ചിട്ടുണ്ടെന്നും എന്നാൽ അതു പര്യാപ്തമല്ലെന്നും ആയതിനാൽ എം.എൽ.എ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത തുക പ്രൊജക്ട് പൂർത്തീകരണത്തിനായി വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിട്ടുണ്ടെന്നും എക്സിറ്റ് മീറ്റിംഗിൽ അറിയിക്കുകയുണ്ടായി. വാങ്ങിയ മോട്ടോർ പമ്പ് സെറ്റിന്റെ ഗ്യാരണ്ടി ഇതിനകം തന്നെ അവസാനിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പദ്ധതി പ്രവർത്തനക്ഷമമാക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.ഗുണഭോക്തൃവിഹിതം ഈടാക്കിയില്ല

പ്രൊജക്ട് വിഭാവനം ചെയ്തപ്പോൾ ₹20000 നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതമായി വകയിരുത്തിയിരുന്നു. എന്നാൽ അന്തിമബിൽ നല്കുമ്പോൾ ആകെ പ്രവൃത്തിമൂല്യത്തിൽ നിന്നും₹19466 ഈയിനത്തിൽ (194655X10/100) ഈടാക്കേണ്ടതായിരുന്നു. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല. തന്മൂലം താഴെ പറയും പ്രകാരം കൺവീനർക്ക് അധികം നല്കിയിട്ടുണ്ട്.

പ്രവൃത്തിമൂല്യം : ₹194655

വാറ്റ്@5% : ₹9733

കെട്ടിടതൊഴിലാളി

ക്ഷേമനിധിവിഹിതം : ₹1947

ആകെ : ₹206335

കുറക്കുക:

വാറ്റ്@5% : ₹9733

കെട്ടിടതൊഴിലാളി

ക്ഷേമനിധിവിഹിതം : ₹1947

ഗുണഭോക്തൃവിഹിതം : ₹19466

കൺവീനർക്ക് നല്കാവുന്ന തുക :₹175189

കൺവീനർക്ക് നല്കിയത് : ₹194665

അധികം നല്കിയ തുക : ₹19476(194665-175189)

അധികം നല്കിയ ₹19476 ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

3-20 കുടിവെള്ള പദ്ധതി പ്രൊജക്ടുകളിൽ കുഴൽ കിണർ കുഴിക്കുന്നതിന്റെ സ്ഥാനനിർണ്ണയ റിപ്പോർട്ട് ഹാജരാക്കിയില്ല

കുഴൽ കിണർ കുഴിക്കേണ്ടി വരുന്ന പ്രൊജക്ടുകളിൽ സ്ഥാന നിർണ്ണയം നടത്തുന്നതിനായി 1750 രൂപ ഭൂജല വകുപ്പിൽ നിക്ഷേപിക്കുന്നുണ്ടെങ്കിലും സ്ഥാനനിർണ്ണയം നടത്തിയതിന്റെ റിപ്പോർട്ട് ഒരു ഫയലിലും സൂക്ഷിച്ചിട്ടില്ല. മനക്കത്തൊടി കുടിവെള്ള പദ്ധതിക്കായി തൻവർഷം 481316 രൂപ ചെലവഴിച്ചിരുന്നു(ട്രഷറി ബിൽ നമ്പർ 160/31.3.14/₹400000, ട്രഷറി ബിൽ നമ്പർ 161/31.3.14/₹81316). ഈ പ്രൊജക്ടിൽ നാലു കുഴൽകിണർ കുഴിച്ചതിന് സ്ഥാനനിർണ്ണയത്തിനായി 1750 രൂപ നിരക്കിൽ 7000 രൂപയും (1750x4) കിണർ കുഴിക്കുന്നതിന് 160000 രൂപയും(4x100x400) പൈപ്പ്, കപ്ലിങ്ങ് തുടങ്ങിയവക്കായി യഥാക്രമം 43840രൂപയും(16mx4x685) 1000രൂപയും(4x250) ചെലവഴിച്ചിട്ടുണ്ട്. മൂന്ന് കിണറുകളിൽ വെള്ളം ലഭ്യമായില്ലെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ പദ്ധതിയുടെ സ്ഥാനനിർണ്ണയറിപ്പോർട്ട് ഹാജരാക്കുന്നതുവരെ ജലം ലഭിക്കാത്ത മൂന്ന് കുഴൽ കിണറുകൾക്കായി ചെലവഴിച്ച 158880 രൂപ(1750x3+3x100x400+16x3x685+3x250) തടസ്സപ്പെടുത്തുന്നു.

3-21 എടവംപാടം പാടശേഖരം ചീർപ്പ് നിർമ്മാണം- ഫലപ്രാപ്തിയിലെത്തിയില്ല

എടവംപാടം പാടശേഖരത്തിൽ ചീർപ്പ് നിർമ്മിക്കുന്നതിനായി തൻവർഷം രണ്ടു പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രൊജക്ട് നമ്പർ : എസ്.0200/14

അടങ്കൽ :₹145000(വികസനഫണ്ട്)

₹133000(തനത് ഫണ്ട്)

₹155000(തനത് ഫണ്ട്)

₹300000

സാങ്കേതികാനുമതി :605/AEE/LSGD/25.2.13;₹300000

ചെലവഴിച്ച തുക, ട്രഷറി ബിൽ നമ്പർ - 2/24.6.13 ; ₹145000

ബാങ്കേഴ്സ് ചെക്ക് നമ്പർ - 117891/20.6.13; ₹155000

ആകെ ₹300000

അളവുപുസ്തകം : -/12-13 (അളവു പുസ്തകത്തിന് നമ്പർ ചേർത്തിട്ടില്ല)

കൺവീനർ : ശ്രീ.ചന്ദ്രൻ.ഒ.കെ.

കരാർ : 111/26.2.13

2. പ്രൊജക്ട് നമ്പർ : എസ്.0147/14

അടങ്കൽ : ₹70000(വികസനഫണ്ട്)

₹188800(വികസനഫണ്ട് ധനകാര്യകമ്മീഷൻ)

₹341200(തനത് ഫണ്ട്)

₹389000(ജില്ലാ പഞ്ചായത്ത് വിഹിതം)

₹989000

സാങ്കേതികാനുമതി : 568/LSGD/5.2.14; ₹989000

ചെലവഴിച്ച തുക, ട്രഷറി ബിൽ നമ്പർ - 155/31.3.14 ; ₹188800

ട്രഷറി ബിൽ നമ്പർ - 156/31.3.14 ; ₹70000

: 2014-15 ൽ ₹389000

ആകെ ₹647800

അളവുപുസ്തകം : 116/13-14

കൺവീനർ : ശ്രീ.ചന്ദ്രൻ.ഒ.കെ.

കരാർ : 108/6.2.14

2012-13 വർഷത്തിൽ ആരംഭിച്ച ആദ്യത്തെ പ്രൊജക്ട് പ്രകാരം ഫൗണ്ടേഷൻ പ്രവൃത്തികളാണ് നിർവ്വഹിച്ചിരിക്കുന്നത്. ഇതിനു മുകളിൽ കോൺക്രീറ്റ് ഫ്ലോറിംഗ്, അബട്ട്മെന്റ് എന്നിവയും മുകൾഭാഗത്ത് സ്ലാബും വെള്ളം തടഞ്ഞു നിറുത്തുന്നതിനായി തമ്പക മരം കൊണ്ടുള്ള ഷട്ടറുകളും നിർമ്മിക്കുന്നതിനാണ് രണ്ടാമത്തെ പ്രൊജക്ടിൽ തുക വകയിരുത്തിയിരുന്നത്. തമ്പക മരം കൊണ്ടുള്ള ഷട്ടറുകൾ നിർമ്മിക്കുന്നതിന് 96740 രൂപയും എസ്റ്റിമേറ്റിൽ വകയിരുത്തിയിരുന്നു. എന്നാൽ അന്തിമ ബിൽ തയ്യാറാക്കിയപ്പോൾ (2014-15) തമ്പക മരം കൊണ്ടുള്ള ഷട്ടറുകൾ നിർമ്മിക്കുന്ന ഇനം പ്രവൃത്തി ചെയ്യാതെയാണ് പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് (ആകെ പ്രവൃത്തിമൂല്യം-781779). ഭൗതിക പരിശോധനയിൽ ഷട്ടറുകൾ ഇല്ലാതെ ജലം ഒഴുകി പോകുന്ന നിലയിലാണ് കാണപ്പെട്ടത്. ചീർപ്പ് പൂർണ്ണമായാൽ പ്രദേശത്തെ മുഴുവൻ കർഷകർക്കും പ്രയോജനകരമാകും എന്നതായിരുന്നു പ്രൊജക്ടിന്റെ ഭൗതിക ലക്ഷ്യം. എന്നാൽ നാളിതു വരെയും പ്രസ്തുത ലക്ഷ്യം കൈവരിക്കാനായില്ല.

തനത് ഫണ്ടിൽ നേരിട്ട കുറവാണ് പ്രസ്തുത ഇനം ചെയ്യാതിരിക്കാനുള്ള കാരണമായി എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചത്. പത്ത് ലക്ഷത്തോളം രൂപ ചെലവഴിച്ചിട്ടും പ്രൊജക്ട് ഫലപ്രദമല്ലാതിരിക്കാൻ ഇതു കാരണമായി. എത്രയും വേഗം പ്രൊജക്ട് ഫലപ്രദമാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

3-22 മരാമത്ത് പ്രവൃത്തികളുടെ രേഖകൾ സൂക്ഷിക്കുന്നതിൽ കാണപ്പെട്ട അപാകതകൾ

മരാമത്ത് പ്രവൃത്തികളുടെ രേഖകൾ സുക്ഷിക്കുന്നതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.ഫയലുകളിൽ ആവശ്യമായ രേഖകൾ സൂക്ഷിക്കുന്നില്ല

സ്പിൽ ഓവർ അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ പകർപ്പ് ഫയലിൽ സുക്ഷിക്കുന്നില്ല. ചെലവുകളെ സംബന്ധിച്ച ട്രഷറി ബില്ലിന്റെ പകർപ്പ്, തനതു ഫണ്ടാണെങ്കിൽ ചെക്ക്/ഡി.ഡി എന്നിവയുടെ പകർപ്പ് എന്നിവയും ഫയലിൽ സൂക്ഷിക്കുന്നില്ല.

2.ക്യാഷ് ബുക്ക്, പ്രൊജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല

ജി.ഒ.(പി) നം.177/2006 ഫിൻ തിയതി 12.4.2006 ലെ ഖണ്ഡിക 26.6 പ്രകാരം ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും അനുബന്ധം B-V ലുള്ള പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. മാത്രമല്ല ഖണ്ഡിക 18.3 പ്രകാരം ഫോറം ടി.ആർ. V11 A യിലുള്ള ക്യാഷ് ബുക്കും സൂക്ഷിക്കേണ്ടതാണ്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ ക്യാഷ് ബുക്കും പ്രൊജക്ട് രജിസ്റ്ററും സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

3-23 യീൽഡ് ടെസ്റ്റ് നടത്തുന്നില്ല

കുഴൽ കിണർ കുഴിച്ചതിനു ശേഷം ലഭ്യമായ ജലത്തിന്റെ അളവ് കുടിവെള്ള പദ്ധതി നടത്തുന്നതിന് അനുയോജ്യമാണോ എന്നത് ഉറപ്പു വരുത്തുന്നതിനായി യീൽഡ് ടെസ്റ്റ് നടത്തേണ്ടതാണ്. അതിനു ശേഷമാണ് തുടർ പ്രവൃത്തികൾ നിർവ്വഹിക്കേണ്ടത്. എന്നാൽ ഇപ്രകാരം യീൽഡ് ടെസ്റ്റ് നടത്തുന്നില്ല. ആവശ്യത്തിന് ജല ലഭ്യതയില്ലാത്ത കിണറുകളെ ഉറവിടമാക്കിയെടുത്ത് മോട്ടോർ പമ്പ് സെറ്റ്, പൈപ്പ് ലൈനുകൾ എന്നിവ സ്ഥാപിച്ച് പാഴ്ചെലവ് വരുന്നത് ഒഴിവാക്കുന്നതിനായി കുഴൽ കിണർ കുഴിച്ചതിനു ശേഷം യീൽഡ് ടെസ്റ്റ് നടത്തേണ്ടതാണ്.

3-24 എൻ.ആർ.ഇ.ജി.എസ്.- അവലോകനം

2013-14 സാമ്പത്തിക വർഷം 2521 കുടുംബങ്ങൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 1761 കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം 518 ആണ്. അംഗീകാരം ലഭിച്ച 347 പ്രവൃത്തികളും നടപ്പിലാക്കിയിട്ടുണ്ട്. തൻ വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) 5365164/- രൂപയും ആകെ ചെലവ് 5321108/- രൂപയും ആണ്.

നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം

ക്രമനം.	പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം	2013-14വർഷം	
		നടപ്പിലാക്കിയ പദ്ധതികളുടെഎണ്ണം	ചെലവഴിച്ച തുക
1	മണ്ണ്-ജല സംരക്ഷണം	150	2646006
2	വരൾച്ച തടയൽ, വനവത്കരണം	2	121064
3	ചെറുകിട ജലസേചനം	17	500260
4	പട്ടികജാതി-പട്ടിക വർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം	5	182520
5	പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം	81	359486
6	ഭൂവികസനം	51	559120
7	വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ	41	343490
	മറ്റു ചെലവുകൾ	-	609162
	ആകെ	347	5321108

തൊഴിലുറപ്പ് പദ്ധതി അപാകതകൾ

2013-14 വർഷം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിവിധ പ്രവൃത്തികൾ നടപ്പാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(എ) സൈറ്റ് ഡയറിയിൽ വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി അംഗങ്ങൾ ഒപ്പിടേണ്ട സ്ഥാനത്ത് സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗങ്ങൾ ഒപ്പ് വെച്ചതായി കാണുന്നു. ചില ഉദാ:-

1) വാർഡ് 10 - തെക്കിനിയകത്ത് അലി വക കുളം ആഴം കൂട്ടൽ -ശ്രീ ഗിരിജാവല്ലഭൻ, ശ്രീമതി. കൊലത്തി

2) വാർഡ് 2 – ഉന്നത്തൂർ പുത്തൻവീട്ടിൽ മോഹൻദാസിന്റെ പുരയിടത്തിൽ കിണർ നിർമ്മാണം - ശ്രീ.ഉണ്ണികൃഷ്ണൻ

3) വാർഡ് 4 – കുന്നംതോട് ആഴം കൂട്ടൽ - ശ്രീ.ശങ്കരനാരായണൻ, ശ്രീ.കെ.അബ്ദുള്ള, ശ്രീമതി.ബേബിഗീത

(ബി) സ്വകാര്യ വ്യക്തിയുടെ കൃഷിയിടത്തിലെ കുളം ചെളി കോരി വൃത്തിയാക്കൽ എന്ന

പ്രവ്യത്തിയിൽ ഭൂവുടമ തൊഴിൽകാർഡ് എടുക്കുകയോ പ്രവ്യത്തിയിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ല. ഉദാ:- കൈപ്പുള്ളി മാലതിയമ്മയുടെ പുരയിടത്തിലുള്ള കുളം.

അപാകതകൾ പരിഹരിക്കേണ്ടതാണ് .

3-25 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പുതിയ അക്കൗണ്ടിങ്ങ് സമ്പ്രദായം

1) സാംഖ്യ സോഫ്റ്റ് വെയർ പ്രകാരമുള്ള അക്രൂവൽ അടിസ്ഥാനത്തിൽ വാർഷിക പത്രിക തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൌകര്യങ്ങൾ ജി.ഒ(എം.എസ്) 128/2011/LSGD തിയതി 6-7-2011 പ്രകാരം പഞ്ചായത്തിൽ ഒരുക്കിയിട്ടുണ്ട്.

വിശദാംശങ്ങൾ :

ഇനങ്ങൾ	എണ്ണം	വാങ്ങിയ വർഷം	ചെലവഴിച്ച തുക	ഫണ്ട് തരം
കമ്പ്യൂട്ടർ	11	2012-13	560736	തനതു ഫണ്ട്
പ്രിന്റർ	4			
സെർവർ	1	2009-10	വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.	
യുപിഎസ്	1			

2) സാംഖ്യ നടപ്പിലാക്കിയ ശേഷം 3-7-2012 ലെ ജി.ഒ(സാധാ) 1838/2012/LSGD ഉത്തരവിൽ നിർദ്ദേശിക്കും പ്രകാരം ഐ.കെ.എം സ്പെസിഫിക്കേഷനോടു കൂടിയുള്ള കമ്പ്യൂട്ടറുകളാണ് വാങ്ങിയിട്ടുള്ളത്. കമ്പ്യൂട്ടറുകൾ വാങ്ങിയതിൽ അപാകതകൾ ഇല്ല.

3) സർക്കുലർ നം. 86/2010/ധനം/24-9-2010 ൽ നിർദ്ദേശിക്കും പ്രകാരമുള്ള കമ്പ്യൂട്ടർ സോഫ്റ്റ് വെയർ / ഹാർഡ് വെയർ സ്റ്റോക്ക് രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല.

4) ജി.ഒ(എം.എസ്)308/2010/LSGD തിയതി 23-12-2010 പ്രകാരം പഞ്ചായത്തിൽ 28.2.2013-ന് സാംഖ്യ നടപ്പാക്കി. തൊട്ട് മുമ്പ് വരെയുള്ള ട്രഷറി, ബാങ്ക് റീകൺസിലിയേഷൻ നടത്തിയ ശേഷമാണ് സാംഖ്യ ഇൻസ്റ്റാൾ ചെയ്തിട്ടുള്ളത്.

5) സാംഖ്യയിലേക്ക് മാറുന്നതിന് മുമ്പ് ഓപ്പണിംഗ് ബാലൻസ് ഷീറ്റ് തയ്യാറാക്കിയിട്ടുണ്ട്.

6) സ്ഥിര ആസ്തികൾ ഒഴികെയുള്ളവയുടെ കൃത്യത ഉറപ്പു വരുത്തിയശേഷമാണ് ഓപ്പണിംഗ് ബാലൻസ് ഷീറ്റ് തയ്യാറാക്കിയിട്ടുള്ളത്.

7) ജീവനക്കാർക്ക് സാംഖ്യ ഉപയോഗിക്കുന്നതിന് ട്രെയിനിംഗ് കിട്ടിയതിന്റെ വിവരങ്ങൾ :

തസ്തിക	പരിശീലനം ലഭിച്ച കാലയളവ്	ചെലവഴിച്ചതുക	റിമാർക്സ്
ക്ളാർക്ക്	2013-14	-	കിലയിൽ വെച്ച്
ഹെഡ് ക്ലാർക്ക്	2013-14	-	കിലയിൽ വെച്ച്
അക്കൌണ്ടന്റ്	2013-14	-	കിലയിൽ വെച്ച്
ജെ.എസ്.	2013-14	-	
അസി.സെക്രട്ടറി	2013-14	-	കിലയിൽ വെച്ച്
സെക്രട്ടറി	2013-14	-	കിലയിൽ വെച്ച്
ടെക്നിക്കൽ അസിസ്റ്റന്റ്	2012-13	20000	ഐ.കെ.എം

8) ഫ്രണ്ട് ഓഫീസിൽ രസീതി നൽകുന്നതിൽ പുതിയതായി ജോലിയിൽ പ്രവേശിച്ച 2 പേർ ഒഴികെ എല്ലാവർക്കും ട്രെയിനിംഗ് ലഭിച്ചിട്ടുണ്ട്.

9) രസീതി അടിക്കുമ്പോൾ ഹെഡ് മാറി ചെയ്യുന്നില്ല.

10) വൗച്ചർ അംഗീകരിക്കുന്നതിനായി കീഴ് ജീവനക്കാർക്ക് സെക്രട്ടറി തന്റെ ലോഗ് ഇൻ പാസ്വേഡ് നൽകിയിട്ടില്ല. ഓഡിറ്റ് വകുപ്പിന് സാംഖ്യയിൽ പ്രത്യേക ലോഗിൻ ഏർപ്പെടുത്തിയിട്ടില്ല.

11) സാംഖ്യ നടപ്പിലാക്കിയ ശേഷം ഏതെങ്കിലും തരത്തിലുള്ള ധനാപഹരണം കണ്ടെത്തിയിട്ടില്ല.

12) നിലവിൽ പഞ്ചായത്തിൽ വിന്യസിച്ചിരിക്കുന്ന സോഫ്റ്റ് വെയറുകൾ

സോഫ്റ്റ് വെയറിന്റെ പേര്	പഞ്ചായത്തിൽ വിന്യസിച്ച തിയതി	ഏത് മേഖലയുമായി ബന്ധപ്പെട്ടത്	സോഫ്റ്റ് വെയർ ഉപയോഗപ്രദമാകുന്നുണ്ടോ ?

സാംഖ്യ	28/02/13	അക്കൌണ്ടിംഗ്	ഉണ്ട്
സഞ്ചയ	2013-14	വസ്തു നികുതി	ഉണ്ട്
സുലേഖ	2012-13	പ്ലാൻ	ഉണ്ട്
സ്ഥാപന	-	എസ്റ്റാബ്ളിഷ്മെന്റ്	ഉണ്ട്
സേവന	-	സാമൂഹ്യ പെൻഷൻ	ഉണ്ട്
സേവന രജിസ്ട്രേഷൻസ്	-	ജനനമരണ വിവാഹം	ഉണ്ട്
സചിത്ര	2012-13	ആസ്തി	ഉണ്ട്

13) സാംഖ്യ ഉപയോഗിക്കുന്നതിൽ ജീവനക്കാർക്ക് ബുദ്ധിമുട്ട് ഒന്നും അനുഭവപ്പെടുന്നില്ല.

14) തനത് വരവുകളുടെ സംഗ്രഹം സാംഖ്യയിൽ നിന്നും ലഭിക്കുന്നത് യഥാർത്ഥത്തിലുള്ളതാണ്. എന്നാൽ ഏതു സമയത്തും ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ അറിയുന്നതിനുള്ള സൗകര്യം ലഭ്യമല്ല.

വരവിനം/ നികുതി	വർഷം	അക്കൗണ്ട് പ്രകാരം രേഖപ്പെടുത്തിയ തുക	ഡിമാന്റ് രജിസ്റ്റർ പ്രകാരം രേഖപ്പെടുത്തിയ തുക	വ്യത്യാസം	റിമാർക്സ്
വസ്തുനികുതി	2012-13	609717	609717	ഇല്ല	
	2013-14	539257	539257	"	
	2014-15	1231946	-		വസ്തു നികുതി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല
തൊഴിൽ നികുതി	2012-13	900720	900720	"	
	2013-14	886860	886860	"	
	2014-15	997730	997730	"	
ഡി&ഒ ലൈസൻസ് ഫീസ്	2012-13	9375	9375	"	
	2013-14	15250	15250	"	
	2014-15	9205	9205	"	
കെട്ടിട വാടക	2012-13	12900	12900	"	
	2013-14	39442	39442	"	
	2014-15	48950	48950	"	

15) നികുതി/നികുതിയേതരയിനങ്ങളിൽ കിട്ടാനുള്ള സംഖ്യ 2014-15 വർഷത്തിലേത് ഒഴികെ ബാലൻസ് ഷീറ്റിലുള്ളത്, യഥാർത്ഥത്തിലുള്ളതുമായി പൊരുത്തപ്പെടുന്നുണ്ട്. 2014-15 വർഷം വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

16) ഓരോ വർഷവും നിർമ്മിക്കുന്ന പുതിയ ആസ്തിയുടെ കണക്ക്, ചെലവഴിച്ച തുക എന്നിവ സാംഖ്യയിൽ നിന്ന് ലഭിക്കുന്നുണ്ട്.

17) വൌച്ചറുകൾ ശരിയായ രീതിയിൽ സെറ്റു ചെയ്തു വെക്കുന്നുണ്ട്.

18) തൻ വർഷ വരവ്, വരുമാനം എന്നിവ കൃത്യമായി കണ്ടെത്താൻ കഴിയുന്നുണ്ട്.

19) മുൻ വർഷങ്ങളിൽ രജിസ്റ്ററുകളിൽ സൂക്ഷിക്കേണ്ട വിവരങ്ങൾ സാംഖ്യ ഇൻസ്റ്റാൾ ചെയ്തതിനു ശേഷം സാംഖ്യയിൽ നിന്നും ലഭിക്കുന്നുണ്ട്.

20)ഡെപ്പോസിറ്റ്, അഡ്വാൻസ് എന്നിവയുടെ മുൻബാക്കി ഐറ്റംവൈസ് എന്റർ ചെയ്യാൻ കഴിയുന്നുണ്ട്. ഡെപ്പോസിറ്റ് റീ ഫണ്ട് ചെയ്യുമ്പോൾ / അഡ്വാൻസ് റിക്കവർ ചെയ്യുമ്പോൾ ബാലൻസിൽ കുറവ് വരുന്നുണ്ട്. ഡപ്പോസിറ്റ്, അഡ്വാൻസ് വർഷം തിരിച്ചുള്ള വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നുണ്ട്.

21) രസീതി സ്റ്റേഷനറി ലഭിക്കുന്നത് കൃത്യമായി സ്റ്റോക്കിൽ എടുക്കാറുണ്ട്.

22) രസീതി സ്റ്റേഷനറി വിതരണം ചെയ്യുന്നത് കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്.

23) സ്ഥാപനത്തിന്റെ എ.എഫ്.എസ് പരിശോധിച്ചാൽ വരവ്, ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ എളുപ്പത്തിൽ ഗ്രഹിക്കാൻ കഴിയുന്നില്ല.

24) ഗ്രാമ പഞ്ചായത്തിൽ സാംഖ്യ വഴിയുള്ള നികുതി അടവ്, എളുപ്പത്തിൽ ലഭിക്കുന്നുണ്ട്. സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല.

25) <u>സാംഖ്യ നടപ്പിലാക്കിയത് കൊണ്ടുള്ള കോട്ടം</u> - നികുതി/നികുതിയേതര വരവുകൾ ഒറ്റ നോട്ടത്തിൽ ലഭ്യമല്ല. ശമ്പള ഇനത്തിൽ യഥാർത്ഥ ചെലവ് ഒറ്റ നോട്ടത്തിൽ ലഭ്യമല്ല.

സാംഖ്യ <u>നടപ്പിലാക്കിയത് കൊണ്ടുള്ള നേട്ടം</u> - വരവ് ചെലവ് കണക്കുകൾ ക്രോഡീകരിച്ച് ചിട്ടയോടെ ലഭിക്കുന്നു.

26) സാംഖ്യ നടപ്പിലാക്കിയ ഉത്തരവിൽ വിവരിച്ച പ്രകാരം ആവശ്യമായ രേഖകളുടെ പ്രിന്റെടുത്ത് സെക്രട്ടറി, അക്കൗണ്ടന്റ് എന്നിവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.

3-26 ഡി ആന്റ് ഒ ലൈസൻസ് നല്കുന്നതിലെ കാര്യക്ഷമത

<u>ഓഡിറ്റ് ലക്ഷ്യം</u>

മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാക്കുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് D&O ലൈസൻസ് അനുവദിക്കുമ്പോൾ ഗ്രാമപഞ്ചായത്തുകൾ നിയമവും ചട്ടവും ഉത്തരവുകളും പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കൽ.

<u>ഓഡിറ്റ് മാനദണ്ഡം</u>

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 232, 233, 234 വകുപ്പുകൾ, 1996 ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും.

ഓഡിറ്റ് കണ്ടെത്തലുകൾ

<u>1.ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം</u>

രണ്ടു വർഷങ്ങളിൽ അനുവദിച്ച ലൈസൻസിന്റെ വിവരം താഴെ ചേർക്കുന്നു. (ലൈസൻസ് പുതുക്കിയവയടക്കം)

	ഗ്രാമപഞ്ചായത്തിലെ ഡി &ഓ ലൈസൻസികളുടെ വിശദാംശങ്ങൾ							
വർഷം	ചെറുകിട വ്യാപാര സ്ഥാപനങ്ങളുടെ എണ്ണം	ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം	വൻകിട വ്യവസായ ശാലകൾ	ഹോട്ടലുകൾ/ ഭക്ഷ്യ സംസ്കരണ ശാലകൾ/ കശാപ്പു ശാലകൾ/ ഇറച്ചി ക്കടകൾ	ആശുപത്രികൾ, ലാബുകൾ,...	ക്വാറികൾ/ പടക്ക നിർമ്മാണം /ക്രഷർ, ...	മറ്റ് സ്ഥാപനങ്ങൾ	ആകെ സ്ഥാപനങ്ങൾ
2013-14	62	12	ഇല്ല	14	ഇല്ല	10	28	126
2014-15	84	13	ഇല്ല	14	ഇല്ല	7	34	152

<u>അവലോകനം</u>

ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. അപേക്ഷകൾ പൂർണ്ണമല്ലാത്തതിനാൽ സമയത്തിന് സമർപ്പിക്കുന്നുണ്ടോ എന്നത് പരിശോധിക്കാൻ സാധിച്ചിട്ടില്ല. രജിസ്റ്ററിലും ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല.

<u>2. അപേക്ഷകളുടെ പരിശോധന</u>

രണ്ടു വർഷത്തെ അപേക്ഷകളുടെ പരിശോധനയിന്മേലുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വർഷം	കൃത്യമായ അപേക്ഷകൾ	അപൂർണ്ണമായവ **	അന്വേഷണ റിപ്പോർട്ട് ഇല്ലാത്തവ	ഹെൽത്ത് ഇൻസ്പെക്ടറുടെ പരിശോധന ഇല്ലാത്തവ *	മറ്റ് അപാകതകൾ ഉള്ളവ	ആകെ അപേക്ഷകളുടെ എണ്ണം	കുറിപ്പ്
13-14	14	116	15	11	16	172	
14-15	18	127	9	8	11	183	

**(മതിയായ സ്റ്റാമ്പ്, വിറ്റു വരവ്, കുതിര ശക്തി,അപേക്ഷകന്റെ ഒപ്പ്,തിയതി തുടങ്ങിയവ ഇല്ലാത്തവ/രേഖപ്പെടുത്താത്തവ)

*ഭൂരിഭാഗം അപേക്ഷകളിലും ഹെൽത്ത് ഇൻസ്പെക്ടറുടെ പരിശോ ധന റിപ്പോർട്ട് ഇല്ല. ഹോട്ടലുകൾ/ഭക്ഷ്യസംസ്കരണ ശാലകൾ/ കശാപ്പുശാലകൾ/ ഇറച്ചിക്കടകൾ എന്നിവയെ മാത്രം കണക്കാക്കിയാണ് കോളം 5 തയ്യാറാക്കിയിട്ടുള്ളത്.

<u>അവലോകനം</u>

അപൂർണ്ണമായ അപേക്ഷകൾ കാരണം ഫീ ചുമത്തിയതിന്റെ കൃത്യത ഉറപ്പുവരുത്താനാവാത്ത അവസ്ഥയുണ്ട്. അപേക്ഷകൾ പൂർണ്ണമല്ലാത്തതിനാലും രജിസ്റ്റർ കൃത്യമല്ലാത്തതിനാലും നിശ്ചിത സമയ പരിധിക്കുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ എന്ന് മനസ്സിലാക്കാനാവുന്നില്ല. അന്വേഷണ ഉദ്യോഗസ്ഥന്മാർ അപേക്ഷകളിന്മേൽ അന്വേഷണം നടത്തുന്നില്ല.

<u>മറ്റു അപാകതകൾ താഴെ ചേർക്കുന്നു.</u>

1. അപേക്ഷകൾ രജിസ്റ്ററിലെ സീരിയൽ നമ്പറിന്റെ അടിസ്ഥാനത്തിൽ നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല.

2. മിക്ക അപേക്ഷകളിലും സെക്രട്ടറി ഒപ്പുവെച്ചിട്ടില്ല.

3. ലൈസൻസ് അപേക്ഷകളോടൊപ്പം ലൈസൻസ് അനുവദിക്കുമ്പോൾ സമർപ്പിക്കേണ്ടതായ അനുബന്ധ രേഖകൾ പലതും ഹാജരാക്കിയിട്ടില്ല.

<u>3.രജിസ്റ്ററുകളുടെ പരിപാലനം</u>

ട്രേഡേഴ്സ് ലിസ്റ്റ് രജിസ്റ്റർ, ഡി&ഒ ലൈസൻസ് രജിസ്റ്റർ എന്നിവ കൃത്യമായ രീതിയിൽ സൂക്ഷിക്കുന്നില്ല. ഡി&ഒ ലൈസൻസ് രജിസ്റ്ററിൽ മുൻകൂറായി ലഭിച്ച അപേക്ഷകളും തൻവർഷത്തെ അപേക്ഷകളും വേർതിരിച്ച് കാണിച്ചിട്ടില്ല. വാർഡടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ മുൻവർഷം ലൈസൻസ് എടുത്ത എല്ലാ സ്ഥാപനങ്ങളും തൻവർഷം പുതുക്കിയിട്ടുണ്ടോ എന്നറിയാൻ സാധിച്ചിട്ടില്ല.

<u>4. ഡി&ഓ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെ വിവരം</u>

വർഷം	ഈടാക്കിയ ഡി&ഒ ലൈസൻസ് ഫീസ്	ആകെ തനതു വരുമാനം	ശതമാനം	കുടിശ്ശിക	കുറിപ്പ്
13-14	15250	72980328	0.02	ഇല്ല	
14-15	9205	81458863	0.01	ഇല്ല	

<u>അവലോകനം</u>

ആകെ തനത് വരുമാനത്തിന്റെ വളരെ ചെറിയൊരു ശതമാനം മാത്രമാണ് ലൈസൻസ് ഇനത്തിലുള്ള വരവ്.

<u>5. ഫീസ് ചുമത്തിയതിലുള്ള ക്രമക്കേടുകൾ/അപാകതകൾ</u>

നിലവിലുള്ള ചട്ടപ്രകാരമാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത് എങ്കിലും എല്ലാ അപേക്ഷകളിലും

വരുമാനം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ കൃത്യത കണക്കാക്കാൻ സാധിച്ചിട്ടില്ല.

6. അപേക്ഷകളും അനുബന്ധ രേഖകളും

അപേക്ഷകളോടൊപ്പം പൊതുവായി സമർപ്പിക്കേണ്ട രേഖകളും ചില സ്ഥാപനങ്ങൾക്ക് പ്രത്യേകമായി സമർപ്പിക്കേണ്ട രേഖകളും ഉണ്ട്. അത്തരം രേഖകൾ ഇല്ലാതെ ലൈസൻസ് അനുവദിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

സ്ഥാപനം	പരിശോധിച്ച അപേക്ഷകളുടെ എണ്ണം	അവശ്യം വേണ്ട രേഖകൾ *	ഹാജരാക്കിയ രേഖകൾ	അപാകതകളുടെ വിവരം
കച്ചവട സ്ഥാപനങ്ങൾ	62	സത്യവാങ്മൂലങ്ങൾ- പ്ലാസ്റ്റിക് നിരോധനം, പുകവലി,സ്ഥല നാമം, വാടകകരാർ, Occupancy certificate		സത്യവാങ്മൂലങ്ങൾ- പ്ലാസ്റ്റിക് നിരോധനം, പുകവലി, സ്ഥലനാമം, വാടകകരാർ, Occupancy certificate എന്നിവയില്ല.
ഭക്ഷ്യശാലകൾ	14	സത്യവാങ്മൂലങ്ങൾ- പ്ലാസ്റ്റിക് നിരോധനം, പുകവലി, സ്ഥലനാമം, വാടകകരാർ, Occupancy certificate സാനിറ്ററി സർട്ടിഫിക്കറ്റ്		സത്യവാങ്മൂലങ്ങൾ- പ്ലാസ്റ്റിക് നിരോധനം, പുകവലി, സ്ഥലനാമം, വാടകകരാർ, Occupancy certificate, സാനിറ്ററി സർട്ടിഫിക്കറ്റ് എന്നിവയില്ല.
വ്യവസായങ്ങൾ	13	,,		,,
ക്വാറികൾ, പടക്കനിർമ്മാണം, ...	10	Possession certificate, Quarrying permit, explosive licence, State Environmental Impact Assessment Authority യുടെ അനുമതി	Possession certificate, Quarrying permit, explosive licence, State Environmental Impact Assessment Authority യുടെ അനുമതി	

അവലോകനം

മിക്കവാറും അപേക്ഷകളോടൊപ്പവും സാനിറ്ററി സർട്ടിഫിക്കറ്റ് ഹാജരാക്കുന്നില്ല. ക്വാറികൾക്ക് ലൈസൻസ് അനുവദിക്കുമ്പോൾ മാത്രമാണ് അനുബന്ധ രേഖകൾ ഹാജരാക്കുന്നത്.

7 ലൈസൻസികളിൽ നിന്നുള്ള തൊഴിൽനികുതി

എല്ലാ അപേക്ഷകളിലും ഡി & ഒ ലൈസൻസ് നൽകുന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. രേഖപ്പെടുത്തിയിട്ടുള്ളവയിൽ തന്നെ എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് സെക്രട്ടറി ഡിമാന്റ് നോട്ടീസ് നല്കുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

8. അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടി

അപേക്ഷകൾ സമർപ്പിച്ചിട്ടും ലൈസൻസ് അനുവദിക്കാത്ത സ്ഥാപനങ്ങൾ ഉണ്ടെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾങ്ങളിൽ നിന്നും കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 26 അനുസരിച്ച് കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 255 പ്രകാരം പിഴ ഈടാക്കിയതായും കാണുന്നില്ല.

9.പഞ്ചായത്ത് ലൈസൻസ് നല്കിയ സ്ഥാപനം മൂലം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകൾക്കോ അപകടമോ ഉണ്ടായ സന്ദർഭങ്ങൾ

ഇത്തരത്തിലുള്ള സന്ദർഭങ്ങൾ ഉണ്ടായിട്ടില്ല.

10.സ്ഥാപനങ്ങൾക്കെതിരെ നടക്കുന്ന പ്രക്ഷോഭങ്ങൾ, പരാതി, സ്വീകരിച്ച നടപടികൾ

ഇല്ല

11. വിവിധ പരിശോധനകൾ

വ്യാപാര-വ്യവസായ സ്ഥാപനങ്ങളിൽ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ മുതലായവർ ചേർന്ന് സംയുക്ത പരിശോധന നടത്തുന്നില്ല. പുതിയ ലൈസൻസ് നല്കുമ്പോൾ മാത്രമാണ് ഇത്തരത്തിലുള്ള പരിശോധനകൾ നടത്തുന്നത്.

12.ഗ്രാമപഞ്ചായത്ത് അധികാരങ്ങൾ വിനിയോഗിക്കുന്നതിലെ കാര്യക്ഷമത

പല സന്ദർഭങ്ങളിലും ഉത്തരവ്,നിർദ്ദേശങ്ങൾ എന്നിവ നല്കാനുള്ള ഗ്രാമപഞ്ചായത്തിന്റെ അധികാരം വിനിയോഗിക്കുന്നില്ല എന്നു വേണം കരുതാൻ.

ഉദാഹരണമായി വിവിധ വകുപ്പുകളിൽ നിന്നുള്ള നിരാക്ഷേപ പത്രങ്ങൾ ഹാജരാക്കാതെ ലൈസൻസ് നല്കാനോ, പുതുക്കാനോ കഴിയാതെ വരുന്ന സന്ദർഭങ്ങളിൽ സർക്കാർ ഉത്തരവ് പാലിക്കാത്തവർക്കെതിരെ നടപടികളെടുക്കുന്നതായി കാണുന്നില്ല. ഇവർക്ക് സാക്ഷ്യപത്രങ്ങളുടെ കാലാവധി കഴിയുന്നതു വരെയുള്ള ലൈസൻസാണ് അനുവദിച്ച് നല്കുന്നതെങ്കിലും ആ വർഷം മുഴുവൻ സ്ഥാപനം പ്രസ്തുത പഞ്ചായത്തിൽ തന്നെ പ്രവർത്തിക്കുന്നു. ഈ സ്ഥാപനം അനധികൃതമായി പ്രവർത്തിക്കുന്നതു സംബന്ധിച്ച് അന്വേഷണം നടത്തുകയോ ചട്ട പ്രകാരമുള്ള നടപടികളെടുക്കുകയോ ചെയ്യുന്നില്ല.

13. സർക്കാരിന്റെ അധികാരം വിനിയോഗിച്ച സന്ദർഭങ്ങൾ

ഉത്തരവ്,നിർദ്ദേശങ്ങൾ എന്നിവ നല്കാനുള്ള സർക്കാരിന്റെ അധികാരം വിനിയോഗിച്ചിട്ടില്ല.

14.മറ്റുള്ളവ

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, പ്രകാരമുള്ള നികുതി നിരക്കുകളിൽ വർദ്ധനവ് വരുത്തേണ്ടതാണ്. നിലവിലെ നിരക്കുകൾ പഞ്ചായത്തിന് വളരെ ചുരുങ്ങിയ രീതിയിലുള്ള തനത് വരുമാനം മാത്രമാണ് നേടിക്കൊടുക്കുന്നത്. ആയതിനാൽ നിരക്കുകൾ കാലികമാക്കേണ്ടതുണ്ട്.

നിലവിൽ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന എല്ലാ കച്ചവട സ്ഥാപനങ്ങൾക്കും ലൈസൻസ് എടുക്കുന്നതിനാൽ ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ എന്ന പേരിനു മാറ്റം വരുത്താവുന്നതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
	2012-13	400000	പ്രാക്കോട്ടിൽപടി, DWSS	332052	67948
		400000	എസ്.സി വനിത ഗ്രൂപ്പുകൾക്ക് ആട് വളർത്തൽ പദ്ധതി	0	400000 (ആർ ഒ പി ആയി തിരിച്ചടച്ചു)

ജില്ലാ പഞ്ചായത്ത്	2013-14	400000	എസ്.സി വനിത ഗ്രൂപ്പുകൾക്ക് ആട് വളർത്തൽ പദ്ധതി	0	400000 (ആർ ഒ പി ആയി തിരിച്ചടച്ചു)
		738934	ജയന്തി റോഡ് റീടാറിംഗ്	738934	0
		699500	അയ്യപ്പൻകാവ് DWSS	699500	0
		400000	മനയ്ക്കത്തൊടി കോളനി DWSS	400000	0
		400000	തുവരക്കാട് കോളനി DWSS	400000	0
		175000	തൊഴുപ്പാടം സെന്ററിൽ ഹൈമാസ്റ്റ് ലൈറ്റ്	174500	500

പ്രാക്കോട്ടിൻപടി റോഡ് സോളിങ്ങ് എന്ന പ്രവൃത്തിയുടെ ബാലൻസായി 1200/- രൂപ ബാലൻസ്ഷീറ്റിൽ കാണിച്ചിരുന്നത്, പിന്നീട് പരിശോധിച്ച് ബാലൻസ് ഇല്ലെന്ന് ബോദ്ധ്യപ്പെട്ട് സാംഖ്യ ബാലൻസിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്.

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി	പ്രക്കോട്ടിൽപ്പടി കോളനി റോഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ	1292/31.03.14, 1315/31.03.14	79140	79140	0
കെ.എസ്.ഇ.ബി	പാറപ്പുറം റോഡിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ	1060/22.02.14, 1337/31.03.14	95488	95488	0
കെ.എസ്.ഇ.ബി	വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ	587/22.07.13, 932/21.01.14, 978/31.01.14, 1043/17.02.14, 1044/17.02.14	100691	100691	0

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ഇ.എം.സ് ഭവന പദ്ധതി	സ.ഉ(സാ)നം 1080/10 /ത.സ്വ.ഭ.വ തീയതി 26.03.2010	4250000	1025300	915000	0	110300

4-5 സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	5000
തൻവർഷം നിക്ഷേപിച്ച തുക	-
ആകെ	5000
തന്നാണ്ടിൽ പിൻവലിച്ച തുക	-
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	5000

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

നിക്ഷേപത്തിന്റെ വിവരം	തുക
സ്പിന്നിങ്ങ് മിൽ വിരുപ്പാക്ക	5000
ആകെ	5000

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ വാർഷിക കണക്ക് പ്രകാരം 18991 രൂപയുടെ വരവുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും	രശീത് നമ്പർ തിയ്യതി
2009-10	3-5	8134	ജോജി പോൾ, അസിസ്റ്റന്റ് എഞ്ചിനിയർ	11302102214/ 25.11.13
	3-8	5803		
	3-9	5054		
ആകെ		18991		

പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിപാലിച്ചിട്ടില്ല. മേൽ പറഞ്ഞ വിശദാംശങ്ങൾ

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്.

4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	72980328
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	83373424
വരവിനങ്ങളിലുള്ള നഷ്ടം	:	8163
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	146635
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	1166165

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
2-6(2)	8163		എൻ.ആർ.ജയൻ, സെക്രട്ടറി
3-1		30000	ശ്രീ.സജി എബ്രഹാം, വി.ഇ.ഒ
3-2		60000	ശ്രീ.സജി എബ്രഹാം, വി.ഇ.ഒ
3-3		12721	ശ്രീ.സുരേഷ് കുമാർ, ഡയറി ഫാം ഇൻസ്ട്രക്ടർ
3-12		15000	ശ്രീ.സജി എബ്രഹാം, വി.ഇ.ഒ.
3-18		9438	ശ്രീമതി നിമിഷ.വി.കൃഷ്ണൻ, അസിസ്റ്റന്റ് എഞ്ചിനീയർ
3-19		19476	ശ്രീമതി.നിമിഷ.വി.കൃഷ്ണൻ, അസിസ്റ്റന്റ് എഞ്ചിനീയർ
ആകെ	8163	146635	

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-4	101740	ശ്രീമതി വി.ആർ.പങ്കജാക്ഷി, സെക്രട്ടറി
3-6	47600	ശ്രീമതി. പ്രസന്ന കുമാരി, ഐ.സി.ഡി. എസ് സൂപ്പർവൈസർ
3-7	99990	ഡോ.സുനിൽ കുമാർ. സി.കെ, മെഡിക്കൽ ഓഫീസർ പി.എച്ച്.സി
3-8	500000	ഡോ. ഡാനി.കെ, വെറ്ററിനറി സർജൻ
3-10	42400	ശ്രീമതി. സരോജിനി, ഹെഡ്മിസ്ട്രസ്
3-13	215555	ശ്രീമതി.വി.ആർ.പങ്കജാക്ഷി, സെക്രട്ടറി
3-20	158880	ശ്രീമതി.നിമിഷ.വി.കൃഷ്ണൻ, അസിസ്റ്റന്റ് എഞ്ചിനീയർ
ആകെ	1166165	

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി വി.ആർ.പങ്കജാക്ഷി, സെക്രട്ടറി	റിട്ടയേർഡ്	കൃഷ്ണപ്രിയ, ഇല്ലവളപ്പിൽ ഹൗസ്, ആർ.പി.എച്ച്. റോഡ്, ഗണേശ്ഗിരി, ഷൊർണൂർ
ശ്രീ.സജി എബ്രഹാം, വി.ഇ.ഒ	വി.ഇ.ഒ, പാഞ്ഞാൾ	കറയ്ക്കൽ, കാളിയ റോഡ്, ചേലക്കര, 680586
ശ്രീ.സുരേഷ് കുമാർ ഡയറി ഫാം ഇൻസ്ട്രക്ടർ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ചേലക്കര	നീരാഞ്ജനം, കോളത്തൂർ, ചേലക്കര, തൃശ്ശൂർ, 680586
ശ്രീമതി നിമിഷ.വി.കൃഷ്ണൻ, അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി സെക്ഷൻ, പാഞ്ഞാൾ	വലിയവീട്ടിൽ, കുരിയച്ചിറ, തൃശ്ശൂർ
ശ്രീ.എൻ.ആർ.ജയൻ, സെക്രട്ടറി	സീനിയർ സൂപ്രണ്ട്, പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്, കോലഴി	നെല്ലിപ്പറമ്പിൽ ഹൗസ്, ഐശ്വര്യ നഗർ, പി.ഒ.എൽത്തുരുത്ത്, തൃശ്ശൂർ - 680 611

4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
66-67	എൽ.എഫ്.ഇ4(1) 2537/72 / തീയതി 07.06.72	1	
67-68	എൽ.എഫ്.ഇ4(1) 2537/72 / തീയതി 07.06.72	1	
68-69	എൽ.എഫ്.ഇ4(1) 2537/72 / തീയതി 07.06.72	5	
70-71	എൽ.എഫ്.ഇ3(1) 2094/74 / തീയതി 20.09.94	14	
71-72	എൽ.എഫ്.ഇ3(1) 3030/73 / തീയതി 24.09.93	16	
72-73	എൽ.എഫ്.ഇ3(1) 3960/74 / തീയതി 18.11.74	14	
73-74	എൽ.എഫ്.ഇ3(1) 6990/75 / തീയതി 11.01.75	20	
74-75	എൽ.എഫ്.ഇ3(1) 5821/76 / തീയതി 08.06.76	6	
78-79	എൽ.എഫ്.ടി.10- 1215/81/16.08.81	15	
80-81	എൽ.എഫ്.ടി.10- 695/82/17.09.82	24	
81-82	എൽ.എഫ്.ടി.10- 307/82/26.03.84	25	
82-83	എൽ.എഫ്.ടി.10- 356/85/06.06.85	16	
84-85	എൽ.എഫ്.ടി.10- 1196/87/02.12.85	19	

85-86	എൽ.എഫ്.ടി.10- 703/90/06.06.90	15	
86-87, 87-88	എൽ.എഫ്.ടി.10-906/90/24.09.90	24	
88-89, 89-90	എൽ.എഫ്.ടി.10- 1161/92/18.11.92	26	
90-91	എൽ.എഫ്.ടി.10- 1170/95/20.05.95	27	
91-92	എൽ.എഫ്.ടി.10- 1800/94/03.07.95		
92-93, 93-94	എൽ.എഫ്.ടി.10- 1800/93/20.11.93		
96-97	എൽ.എഫ്.ടി.10- 2138/95/20.08.96		
97-98	എൽ.എഫ്.ടി.10- 552/98/15.02.99		
98-99	എൽ.എഫ്.ടി.12- 997/98/15.02.99		
99-2000,2000-01, 01-02 (ജനകീയാസൂത്രണം)	എൽ.എഫ്.ടി.10- 1085/94/31.01.04/ 12.07.04		
99-2000	എൽ.എഫ്.ടി.10- 1480/07/31.01.04 /12.07.04		
00-01	എൽ.എഫ്.ടി.10- 1479/31.01.04 /12.07.04		
01-02	എൽ.എഫ്.ടി.10- 1478/31.01.04 /12.07.04		
02-03	എൽ.എഫ്.ടി.10- 1477/07/02.08.08 /03.10.08		
03-04	എൽ.എഫ്.ടി.10- 1468/08/28.05.10		
04-05	എൽ.എഫ്.ടി.10- 1469/28.05.10 /30.07.10		
05-06	എൽ.എഫ്.ടി.10- 2288/09/21.01.11		
06-07	എൽ.എഫ്.ടി.10- 2288/09/21.01.11 /02.07.11		
07-08	എൽ.എഫ്.ടി.(പി.4)-541/12 തീയതി 23.05.12		
08-09	എൽ.എഫ്.ടി.(പി.4)-542/12 തീയതി 23.05.12		
09-10	എൽ.എഫ്.ടി.(പി.4)-543/12 തീയതി 30.05.12		
10-11	എൽ.എഫ്.ടി.(പി.4)-544/12 തീയതി 02.06.12/06.08.12		
11-12	എൽ.എഫ്.ടി.(പി.4)-2037/13 തീയതി 13.03.14/07.04.14		
12-13	എൽ.എഫ്.ടി.(പി.4)-1902/14 തീയതി 07.04.15/03.06.15		

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശൂർ.